# ആത്മപ്രകാശിനി

## 2009 നവംബർ

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട് . വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപൊകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ് . ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ് .

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of “Athmaprakashini, Kumbanad”.**

# Athmaprakashini

# അകത്താളുകളിൽ


**സമയം തക്കത്തിൽ ഉപയോഗിക്കുക**
ഡോ. കെ.സി. ജോൺസൺ .......... 3

**പരിണാമ സൃഷ്ടി വിവാദം . . . .**
ഡോ. ജോൺസൺ ജോർജ്ജ് ........ 4

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. ശാമുവേൽ ................. 6

**ഒരുക്കമുള്ള ആരാധന**
എസ്. ജി. ഗിൽബർട്ട് ........................ 8

**കൃപ എന്ന വിശിഷ്ട വിഷയം**
കെ.വി. ജോൺ .................................. 9

**പ്രായോഗിക ക്രിസ്തീയജീവിതം**
തോമസ് ഏബ്രഹാം ......................... 11

**വൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രം**
യോഹന്നാൻ ഏബ്രഹാം ................ 13

**ഉത്തരവാദിത്തം**
വി.എം. ജോൺ .................................. 15

**നിങ്ങളുടെ സൗമ്യത . . . . .**
ജോർജ്ജ് സി. വർഗീസ് ................... 16

**ബൈബിൾ പ്രശ്നാവലി .............** 20

**വിധവയായ ഹന്ന**
ഏലിയാമ്മ ജോർജ്ജ്........................ 22

**വാർത്തകളും, കുറിപ്പുകളും** 22


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVIII** **No.11**

## 2009 നവംബർ

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
+919447265500

# സമയം തക്കത്തിൽ ഉപയോഗിക്കുക

ഡോ. കെ.സി. ജോൺസൺ, മാവേലിക്കര

**ഇ**ന്നത്തെ മനുഷ്യൻ വളരെ തിരക്കുള്ളവനാണ്. ഒന്നിനും സമയം ലഭിക്കുന്നില്ല എന്നത് നാം സാധാരണ കേൾക്കുന്ന ഒരു പരാതിയുമാണ്. ഈ പരാതി പറയുന്നവരുടെ ദിനചര്യകൾ ഒന്ന് വീക്ഷിച്ചാൽ ഒരു വസ്തുത വ്യക്തമാണ്; ആവശ്യമില്ലാത്ത കാര്യങ്ങളിൽ ഇടപെടുന്നതിനും പരദൂഷണം പറയുന്നതിനും അപവാദം പറയുന്നതിനും മറ്റുള്ളവരെ വേദനിപ്പിക്കുന്നതിനും ഇങ്ങനെയുള്ള പലർക്കും ധാരാളം സമയമുണ്ട്.

ദൈവം നമുക്കു തരുന്ന സമയത്തിന്റെ വിനിയോഗത്തെക്കുറിച്ച് വ്യക്തമായി നമ്മെ ഓർപ്പിക്കുന്ന ഏക ഗ്രന്ഥം സമയം നമുക്ക് ദാനം ചെയ്ത ദൈവത്തിന്റെ ബൈബിൾ തന്നെയാണ്. പൗലൊസ് ഓർപ്പിക്കുന്നത് ഇപ്രകാരമാണ്: *"ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ"* (എഫെ. 5:16).

ദൈവത്തിന്റെ കാര്യപരിപാടികൾ എല്ലാം തന്നെ പ്രത്യേക സമയം അനുസരിച്ച് ആയിരുന്നു. അത് യേശുക്രിസ്തുവിന്റെ ജീവിതം ഒന്നു പരിശോധിച്ചാൽ വ്യക്തമായി മനസ്സിലാക്കാവുന്നതാണ്. ദൈവ പുത്രന്റെ ജഡാവതാരം കാലസമ്പൂർണ്ണതയിൽ ആയിരുന്നു (ഗലാ. 4:4). യേശുക്രിസ്തു പ്രാർത്ഥന യ്ക്കായി സമയം വേർതിരിച്ചിരുന്നു (ലൂക്കൊസ് 6:12). തനിക്ക് ദൈവാലയത്തിൽ പോകുന്നതിന് ഒരു സമയക്രമം ഉണ്ടായിരുന്നു (യോഹ. 8:2). ക്രിസ്തുവിന്റെ മരണം തക്ക സമയത്തുള്ള മരണമായിരുന്നു (റോമർ 5:6). യേശുക്രിസ്തു മുഖാന്തരം ലോകത്തെ ന്യായം വിധിക്കുന്നതിനും ദൈവം ഒരു ദിവസം നിശ്ചയിച്ചിരിക്കുകയാണ് (അപ്പൊ. 17:31).

താങ്കളെ വളരെ കരുതുന്ന ഒരു വ്യക്തി ഇപ്രകാരം ഒരു ഓഫർ താങ്കൾക്കു നൽകി എന്നു കരുതുക. എല്ലാ ദിവസവും രാവിലെ 12 മണിക്ക് താങ്കളുടെ ബാങ്ക് അക്കൗണ്ടിൽ അദ്ദേഹം 86,400 രൂപാ നിക്ഷേ പിക്കുന്നു. ഒരു വ്യവസ്ഥ മാത്രം. താങ്കൾ ആ തുക അന്നു രാത്രി 12-നു മുമ്പെ ചെല വഴിച്ചിരിക്കണം. താങ്കൾ എന്തു ചെയ്യും? ആ പണത്തിന്റെ മൂല്യം താങ്കൾക്ക് അറിവുള്ളതിനാൽ, രാത്രി 12-നു മുമ്പെ താങ്കൾ തീർച്ചയായും ആ പണം പിൻവലിച്ചിരിക്കും. താങ്കൾ ഒന്നു ചിന്തിക്കുക. ഒരു ദിവസം 24 മണിക്കൂർ; ഓരോ മണിക്കൂറിനും 60 മിനിറ്റുകൾ. ഓരോ മിനിറ്റിനും 60 സെക്കന്റുകൾ; അങ്ങനെ ഓരോ ദിവസവും ദൈവം നമ്മുടെ അക്കൗണ്ടിൽ 86,400 സെക്കന്റുകൾ വരവുവെയ്ക്കുകയാണ്. നാം അത് ഫലപ്രദമായി വിനിയോഗിച്ചില്ലെങ്കിൽ ആ സെക്കന്റുകൾ നമുക്ക് നഷ്ടമാകും. പിന്നീടൊരിക്കലും നാം നഷ്ടപ്പെടുത്തിയ നിമിഷങ്ങൾ നമുക്ക് തിരികെ ലഭിക്കുകയില്ല.

വർത്തമാനകാലത്തെക്കുറിച്ച് (Present Tense) ഇപ്രകാരം ഒരു ചൊല്ലുണ്ട്. "Yesterday is history, Tomorrow is a mystery; but Today is a gift. That's why they call it the Present." ദൈവം നമുക്ക് ദാനമായി തരുന്ന നമ്മുടെ "ഇന്നു"കൾ തന്നിൽനിന്നും നമുക്ക് ലഭിക്കുന്ന സമ്മാനമാണ് എന്നു മനസ്സി ലാക്കി പ്രവർത്തിക്കുന്നതിന് നമുക്ക് കഴിയുന്നുണ്ടോ? ഒരു ദിവസത്തിന് 24 മണിക്കൂർ എന്നത് ദൈവിക മായ ക്രമീകരണമാണ്. അതിൽ ഒരു മാറ്റവും ദൈവം അനുവദിക്കുന്നതല്ല. ഈ ദൈവിക ദാനമായ 24 മണിക്കൂർ ഒരുവൻ എങ്ങനെ വിനിയോഗിക്കുന്നു എന്നതിലാണ് ഒരുവന്റെ വിജയാപജയങ്ങൾ തീരുമാനിക്കുന്നത്.

ഒരു ദൈവപൈതലിന്റെ സമയം വളരെ വിലയുള്ളതാണ്. ജഡിക സുഖത്തിനും രസത്തിനും വേണ്ടി നമ്മുടെ സമയം നാം വേർതിരിക്കുവാൻ പാടില്ല. ആവശ്യമില്ലാത്ത കാര്യങ്ങളിൽ ഇടപെടുന്നതിനും പരദൂഷണം പറയുന്നതിനും അപവാദം പറഞ്ഞ് മറ്റുള്ളവരെ വേദനിപ്പിക്കുന്നതിനും ഒരു ദൈവപൈതൽ സമയം ചിലവഴിക്കുവാൻ പാടില്ല. നാം നമ്മുടെ കാര്യപരിപാടികൾ ക്രമീകരിച്ചാൽ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന എല്ലാ ആത്മീയ ശുശ്രൂഷകളിലും ഏർപ്പെടുന്നതിന് നമുക്ക് സമയം ലഭിക്കും. പ്രാർത്ഥിക്കുന്നതിനും ദൈവവചനം വായിക്കുന്നതിനും ധ്യാനിക്കുന്നതിനും സഭായോഗങ്ങളിൽ ക്രമമായി പങ്കെടുക്കുന്നതിനും സുവിശേഷം അറിയിക്കുന്നതിനും നാം സമയം വേർതിരിക്കേണ്ടതാണ്. ഈ ദൈവദാനമായ സമയം ഒരിക്കൽ നഷ്ടപ്പെടുത്തിയാൽ അത് പിന്നീട് ഒരിക്കലും മടങ്ങിവരാത്തത് എന്നറിഞ്ഞ് ദൈവനാമത്തിന്റെ മഹത്വത്തിനായ് ജീവിക്കുവാൻ എല്ലാ അനുവാചകരേയും ദൈവം സഹായിക്കുമാറാകട്ടെ. സങ്കീർത്തനക്കാരന്റെ ഈ വാക്കുകൾ നമുക്കേവർക്കും പ്രചോദനമാകട്ടെ: "ഞങ്ങൾ ജ്ഞാനമുള്ളോരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ' (സങ്കീ. 90:12). ●

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന – 33

**അദ്ധ്യായം 24. ഡാർവിന്റെ ജീവിതവും അന്ത്യവും**

DR. JOHNSON GEORGE, TORONTO, CANADA

2009 ൽ ലോകത്തിലെങ്ങും ഡാർവിന്റെ 200–ാം ജന്മവാർഷികവും തന്റെ പ്രസിദ്ധ പുസ്തകമായ "The Origin of Species" ന്റെ 150–ാമത്തെ പ്രസിദ്ധീകരണ വാർഷികവും ആഘോഷിച്ചു കഴിഞ്ഞിരിക്കുന്നു. 'മതത്തിൽനിന്നും സ്വാതന്ത്ര്യം' കൊടുത്ത വ്യക്തി എന്ന നിലയിൽ നിരീശ്വരവാദികളും തന്നെ വാനോളം പുകഴ്ത്തി കഴിഞ്ഞിരിക്കുന്നു. ഈ അവസരത്തിൽ തന്റെ ജീവിതത്തെ പരിശോധിക്കുന്നത് സന്ദർഭോചിതം ആയിരിക്കും. ദൈവശാസ്ത്രത്തിൽ ബിരുദം നേടിയ ഡാർവിൻ പരിണാമചിന്താഗതിയാൽ സ്വാധീനിക്കപ്പെട്ടപ്പോൾ എങ്ങനെ ദൈവത്തിൽനിന്നകന്നുപോയി എന്നുള്ളത് ഒരു മുന്നറിയിപ്പായി നിലകൊള്ളുന്നു.

ഫെബ്രു. 12, 1809–ൽ ചാൾസ് ഡാർവിൻ ഇംഗ്ലണ്ടിൽ ജനിച്ചു. ചെറുപ്രായം മുതൽ തന്നെ ചാൾസ് പ്രകൃതിശാസ്ത്രത്തിൽ താൽപര്യം കാണിച്ചുതുടങ്ങി. ആദ്യം ജീവിതത്തിൽ ഏതു പഠനവും തൊഴിലും തിരഞ്ഞെടുക്കണം എന്ന് തനിക്ക് നിശ്ചയമില്ലായിരുന്നു. 1825–ൽ താൻ വൈദ്യശാസ്ത്രം പഠിക്കുവാനായി എഡിൻബറ (Edinburgh) യൂണിവേഴ്സിറ്റിയിൽ ചേർന്നു. പക്ഷേ അവിടെയുള്ള പഠനം അരോചകവും ശസ്ത്രക്രിയ ദുഃഖകരവും ആയി തനിക്ക് തോന്നി. അങ്ങനെ താൻ ആ പഠനം ഉപേക്ഷിച്ചു. കോപിഷ്ഠനായ തന്റെ പിതാവ് തന്നെ ആംഗ്ലിക്കൻ സഭയിൽ ഒരു പുരോഹിതനാക്കുവാനും ദൈവശാസ്ത്രത്തിൽ (Theology) BA ബിരുദത്തിനുവേണ്ടി ക്രൈസ്റ്റ്സ് കോളേജ്, കേംബ്രിഡ്ജിലേക്ക് അയച്ചു. ഡാർവിൻ വിജയകരമായി ആ പഠനം പൂർത്തിയാക്കി (1828–1831).

ഡാർവിൻ ദൈവശാസ്ത്രത്തിൽ തന്റെ പഠനം പൂർത്തിയാക്കിയെങ്കിലും തന്റെ താല്പര്യം പ്രകൃതി ശാസ്ത്രത്തിൽ ആയിരുന്നു. തന്റെ ദൈവശാസ്ത്ര പഠനവേളയിൽ താൻ പ്രശസ്ത സസ്യശാസ്ത്ര പ്രൊഫസർ ആയിരുന്ന Stevens Henslow- യെയും മറ്റു പ്രമുഖ പ്രകൃതിശാസ്ത്രജ്ഞന്മാരെയും പരിചയപ്പെട്ടു. 1831–ൽ താൻ Adam Sedgwick ന്റെ പ്രസിദ്ധമായ ഭൂഗർഭ ശാസ്ത്രീയ പ്രഭാഷണങ്ങൾക്ക് സംബന്ധിക്കുവാൻ തുടങ്ങി. താൻ സെജ്വിക്കിനോടൊപ്പം യാത്ര ചെയ്ത് ഊറൽ പാറകളെക്കുറിച്ച് (Sedimentary rocks)പഠിക്കുകയും ജീവാശ്മങ്ങൾ (Fossils) ശേഖരിക്കുകയും ചെയ്തുതുടങ്ങി. ഒരു ദിവസം ഡാർവിന് Henslow യുടെ ഒരു കത്തു കിട്ടി. ദക്ഷിണ അമേരിക്കയെക്കുറിച്ച് ഒരു ശാസ്ത്രീയ പഠനം നടത്തുവാൻ പുറപ്പെടുവാനിരിക്കുന്ന HMS Beagle എന്ന കപ്പലിൽ ഡാർവിൻ ഒരു പ്രകൃതിശാസ്ത്രജ്ഞനായി പോകണം എന്ന് Henslow നിർദ്ദേശിച്ചിരുന്നു. ഇത് ഒരു പാഴ്യാത്ര ആയിരിക്കും എന്ന് കരുതി ആദ്യം ഡാർവിന്റെ പിതാവ് എതിരു പറഞ്ഞു. എങ്കിലും പിന്നീട് താൻ സമ്മതിച്ചു.

1831 ൽ ഡാർവിൻ HMS Beagle-ൽ തന്റെ സമുദ്രപര്യടനത്തിനായി പുറപ്പെട്ടു. 26 വയസുള്ള Robert Fitzroy ആയിരുന്നു കപ്പലിന്റെ കപ്പിത്താൻ. കപ്പൽ നിർത്തിയിടത്തൊക്കെ ഡാർവിൻ ആ പ്രദേശത്തെ പാറകൾ, സസ്യങ്ങൾ, ജന്തുക്കൾ എന്നിവയെക്കുറിച്ച് പഠിക്കുകയും അവിടെനിന്ന് ജീവാശ്മങ്ങളെയും (Fossils) ഉദാഹരണജീവികളെയും (specimens) ശേഖരിക്കുകയും ചെയ്തുകൊണ്ടിരുന്നു. കപ്പൽ യാത്രയ്ക്കിടയിൽ ചാൾസ് ലായൽ എഴുതിയ The Principles of Geology എന്ന പുസ്തകത്തിന്റെ 1–ാം വാല്യം ഡാർവിന് Fitz Roy സമ്മാനിച്ചു. ഈ പുസ്തകം വളരെ താല്പര്യത്തോടെ ഡാർവിൻ വായിക്കുകയും ഭൂമിയുടെ ചരിത്രത്തിൽ ഊറൽ പാറകൾ സാവധാനമായി അടിഞ്ഞുകൊണ്ടിരുന്നതിനാൽ ഭൂമിക്ക് കോടിക്കണക്കിന് വർഷങ്ങൾ പഴക്കമുണ്ടെന്നുള്ള ലായലിന്റെ ഏകരൂപവാദത്തോടെ (Uniformitarianism) യോജിക്കുകയും ചെയ്തു.

ഈ യാത്രയ്ക്കിടയിൽ തന്റെ കപ്പൽ പെസിഫിക് മഹാസമുദ്രത്തിൽ ദക്ഷിണ അമേരിക്കയോട് അടുത്തുകിടക്കുന്ന ഗാലാപോഗോസ് ദ്വീപസമൂഹങ്ങളിൽ (Galapagos Islands)എത്തിച്ചേർന്നു. ഡാർവിൻ അവിടെയുള്ള പല ചെറിയ ദ്വീപുകളിലും പോയി ഓരോ ദ്വീപിലും ചെറിയ വ്യത്യാസങ്ങളും ഫിൻച് (Finch) പക്ഷികളെ കാണുവാൻ സാധിച്ചത് തന്നെ അത്ഭുതപ്പെടുത്തി. അവയെല്ലാം ഫിൻച് ആയിരുന്നുവെങ്കിലും അവയുടെ ചുണ്ടിന്റെ ആകൃതിയിലും വലുപ്പത്തിലും (shape and size of the beak) വ്യത്യാസങ്ങളുള്ള വ്യത്യസ്ത ഇനങ്ങളെ (varieties) വിഭിന്ന ദ്വീപുകളിൽ ഡാർവിന് കാണുവാൻ സാധിച്ചു ഈ വ്യത്യസ്ത ഇനങ്ങളെല്ലാം ഫിൻചിന്റെ ഒരു ആദിമ ഇണയിൽ (original pair) നിന്ന് ഉണ്ടായി വന്നവയാണോ എന്ന് ഡാർവിൻ ചിന്തിക്കുവാൻ തുടങ്ങി.

ഏകദേശം 5 വർഷങ്ങൾ കപ്പലിൽ കഴിച്ചതിനുശേഷം 1836–ൽ ഡാർവിൻ ലണ്ടനിൽ തിരിച്ചെത്തി. യാത്രക്കിടയിൽ ശേഖരിച്ച ജീവികളെയും എഴുതിയ നോട്ടുകളെയും താൻ പരിശോധിക്കുവാൻ തുടങ്ങി. താൻ ഗവേഷണ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും കൊണ്ടുവന്ന സ്പെസിമനുകളെ ലണ്ടനിലെ സുവോളജിക്കൽ സൊസൈ

റ്റിക്ക് കൊടുക്കുകയും ചെയ്തു. ഫിൻച് പക്ഷിയുടെ വ്യത്യസ്ത ഇനങ്ങളാണ് എന്ന് കരുതി ഡാർവിൻ ശേഖരിച്ച പക്ഷികൾ വാസ്തവത്തിൽ ഫിൻചിന്റെ 12 വ്യത്യസ്ത സ്പീഷീസുകളാണ് എന്ന് പക്ഷി ശാസ്ത്രജ്ഞനായ John Gould പ്രഖ്യാപിച്ചു. ഈ പുതിയ അറിവ് പ്രകൃതിയിൽ speciation (പുതിയ സ്പീഷീസുകൾ ഉണ്ടാകുന്നത്) സംഭവിക്കുന്നുണ്ടെന്ന് തീരുമാനിക്കുവാൻ ഡാർവിനെ പ്രേരിപ്പിച്ചു. ഫിൻച് പക്ഷിയുടെ ഇടയിൽ speciation നടന്നിട്ടുണ്ടെങ്കിൽ മറ്റ് എല്ലാ ജീവികളിലും ഇത് സംഭവിച്ചിട്ടുണ്ടെന്ന് ഡാർവിൻ ചിന്തിച്ചു. പുതുതായി ഉണ്ടാകുന്ന സ്പീഷീസ് പലപ്പോഴും പിതൃജീവിയിൽ (parent) നിന്നും വ്യത്യസ്തമായി പരിണമിച്ച് പുതിയ തരങ്ങളെ (kinds) ജനിപ്പിച്ചുകൊണ്ടിരുന്നു എന്ന് താൻ അഭിപ്രായപ്പെട്ടു. ഭൂമിയുടെ ചരിത്രത്തിൽ നീണ്ട യുഗങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ള ലായലിന്റെ വാദത്തെ ആശ്രയിച്ച്, ഇന്ന് കാണുന്ന എല്ലാ ജീവികൾക്കും പരിണമിച്ച് ഉണ്ടാകുവാനുള്ള സമയം ഭൂമിയുടെ ചരിത്രത്തിൽ ഉണ്ടായിരുന്നു എന്നു താൻ വിശ്വസിച്ചു.

ഇങ്ങനെ പരിണാമ ആശയങ്ങൾ ഡാർവിന്റെ മനസിൽ രൂപപ്പെട്ടു വരികയും 1859-ൽ തന്റെ പ്രസിദ്ധ പുസ്തകമായ "The origin of Species" ൽ താൻ തന്റെ പരിണാമവാദം അവതരിപ്പിക്കുകയും ചെയ്തു. തന്റെ പുസ്തകത്തിൽ താൻ അവതരിപ്പിച്ച പ്രധാന ആശയങ്ങൾ താഴെപ്പറയുന്നവയാണ്.

1. പരിണാമം നടന്നിട്ടുണ്ട്.
2. പരിണാമ മാറ്റങ്ങൾ കോടിക്കണക്കിന് വർഷങ്ങളിലൂടെ സാവധാനമായി ഉണ്ടായിക്കൊണ്ടിരുന്നവയാണ്.
3. ഇന്ന് ജീവിച്ചിരിക്കുന്ന ലക്ഷക്കണക്കിന് സ്പീഷീസുകൾ ഒരു ആദിമകോശത്തിൽ നിന്ന് speciation എന്ന പ്രക്രിയ മൂലം ഉണ്ടായി വന്നവയാണ്.
4. നല്ല ഗുണങ്ങളുള്ള ജീവികൾ പരിണമിച്ച് മുന്നേറിയത് പ്രകൃതിയുടെ തിരഞ്ഞെടുപ്പിലൂടെയാണ്. (Natural selection)

ഡാർവിന്റെ വാദം ബൈബിളിലെ സൃഷ്ടി വൃത്താന്തത്തിന് കടകവിരുദ്ധമാണ് എന്ന് മനസ്സിലാക്കി വിശ്വാസികൾ തന്റെ വാദത്തെ എതിർക്കുവാൻ തീരുമാനിച്ചു. ലണ്ടനിലും മറ്റു പട്ടണങ്ങളിലും പരിണാമസൃഷ്ടി വിവാദത്തെക്കുറിച്ച് വലിയ വാദപ്രതിവാദങ്ങൾ നടന്നു. ഡാർവിൻ രോഗി ആയിരുന്നതിനാൽ ഒരിക്കലും പരസ്യമായി രംഗത്തുവന്ന് തന്റെ വാദത്തെ പിൻതാങ്ങി സംസാരിച്ചിട്ടില്ല. തോമസ് ഹക്സലി (Thomas Huxley) എന്ന വ്യക്തിയാണ് പരിണാമ സിദ്ധാന്തത്തിന് അനുകൂലമായി വാദിച്ച് ചിന്താശീലരായ പലരെയും സ്വാധീനിച്ചത് (തോമസ് ഹക്സലിയും ബിഷപ്പ് സാമുവേൽ വിൽസർ ഫോഴ്സും തമ്മിൽ നടന്ന വാദപ്രതിവാദം പ്രസിദ്ധമാണ്).

പരിണാമവാദം എങ്ങനെ ഒരു വ്യക്തിയെ വിശ്വാസത്യാഗത്തിലേക്ക് നയിക്കും എന്നതിന് ഉത്തമ ഉദാഹരണമാണ് ഡാർവിന്റെ ജീവിതം. യുവാവായിരുന്നപ്പോൾ ഡാർവിൻ ഒരു ബൈബിൾ വിശ്വാസി ആയിരുന്നു. ഒരു ആംഗ്ലിക്കൻ ബിഷപ്പ് ആകുവാനായി താൻ ദൈവശാസ്ത്രത്തിൽ ബിരുദവും നേടിയിരുന്നു. HMS Beagle കപ്പലിലും താൻ വളരെ യാഥാസ്ഥിതികൻ (Orthodox)ആയിരുന്നു. എങ്കിലും കപ്പൽ യാത്രയിൽ നിന്ന് മടങ്ങിവന്ന ശേഷം താൻ ബൈബിളിനെ ഒരു യഥാർത്ഥ ചരിത്രഗ്രന്ഥം എന്ന നിലയിൽ ചോദ്യം ചെയ്യുവാനും തുടങ്ങി. പരിണാമ ആശയങ്ങൾ തന്റെ മനസിൽ രൂപപ്പെട്ടു വന്നതോടെ തന്റെ ക്രിസ്തീയ വിശ്വാസം തനിക്ക് നഷ്ടമായി. 1849 മുതൽ തന്റെ കുടുംബം ആരാധനയ്ക്കായി ഞായറാഴ്ച പള്ളിയിൽ പോകുമ്പോൾ ഡാർവിൻ നടക്കുവാനായി പോയിത്തുടങ്ങി. ഏപ്രിൽ 19, 1882-ൽ ഡാർവിൻ മരിച്ചു.

ഡാർവിൻ തന്റെ ജീവിതാവസാന നാളുകളിൽ പരിണാമവാദം തള്ളിപ്പറഞ്ഞുവെന്ന് ഒരു കഥ ചില ക്രിസ്തീയ പ്രസിദ്ധീകരണങ്ങളിൽ കാണുവാൻ കഴിഞ്ഞിട്ടുണ്ട്. ഡാർവിന്റെ മരണത്തിന് 33 വർ, ങ്ങൾക്കുശേഷമാണ് ആദ്യമായി ഈ കഥ ഒരു അമേരിക്കൻ ബാപ്റ്റിസ്റ്റ് പത്രമായ The Watchman Examiner-ൽ 1915-ൽ പ്രത്യക്ഷമായത്. ഡാർവിന്റെ മരണത്തിന് ഏതാനും ദിവസങ്ങൾക്കു മുമ്പ് ഒരു ബ്രിട്ടീഷ് സുവിശേഷ പ്രവർത്തകയായ Lady Elizabeth Hope തന്നെ സന്ദർശിച്ചു എന്നും ഡാർവിൻ അവരോട് പരിണാമവാദം തള്ളിപ്പറഞ്ഞിട്ട് യേശുക്രിസ്തുവിൽ ഉള്ള തന്റെ വിശ്വാസത്തെ ആസ്പദമാക്കി സംസാരിച്ചു എന്നുമാണ് കഥ. പല ക്രിസ്തീയ പ്രസിദ്ധീകരണങ്ങളിലും ഈ കഥ പരിണാമവാദത്തിനെതിരെ ഒരു വാദമായിട്ടാണ് ഉപയോഗിക്കപ്പെട്ടിട്ടുളളത്. പക്ഷേ ഡാർവിന്റെ മരണത്തിന് 33 വർഷങ്ങൾക്ക് ശേഷം രംഗത്തുവന്ന ഈ കഥ സ്ഥിതീകരിക്കുവാൻ മതിയായ തെളിവുകളില്ല. ഡാർവിന്റെ പരിണാമ ആശയങ്ങളിൽ അന്ത്യം വരെ യാതൊരു വ്യത്യാസവും വന്നിട്ടില്ലായിരുന്നു എന്നാണ് തന്റെ മക്കൾ പ്രസ്താവിച്ചിട്ടുള്ളത്.

ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഡാർവിൻ ഒരു തികഞ്ഞ പരിണാമവാദിയായി തന്നെ മരിച്ചു എന്നാണ് മനസിലാകുന്നത്. പരിണാമവാദത്താൽ സ്വാധീക്കപ്പെട്ടപ്പോൾ തന്റെ ദൈവവിശ്വാസം തനിക്ക് നഷ്ടമായിപ്പോയി. "സത്യത്തെ വിശ്വസിക്കാതെ അനീതിയിൽ രസിക്കുന്ന ഏവർക്കും ന്യായവിധി വരേണ്ടതിന് ദൈവം അവർക്ക് ഭോഷ്ക് വിശ്വസിക്കുമാറ് വ്യാജത്തിന്റെ വ്യാപാര ശക്തി അയയ്ക്കുന്നു" (2 തെസ്സ 2: 11-12) എന്ന വാക്യം ഇവിടെ പ്രസക്തമാണ്. (തുടരും)

# മാളികമുറി പ്രഭാഷണം - 25

**ഡോ. ഒ.എം. ശാമുവേൽ**

**വേ**റെ ആടുകളും എനിക്കുണ്ട് എന്ന് യോഹ. 10-ാം അദ്ധ്യായത്തിൽ കർത്താവ് പറയുന്നുണ്ട്. സഭയോടുള്ള ബന്ധത്തിലാണ് ആ വാക്കുകൾ പറഞ്ഞിരിക്കുന്നതെന്ന് ഗ്രഹിക്കാൻ വിഷമമില്ല (യോഹ.10:16). സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ മൂന്നു കാര്യങ്ങളാണ് ഉള്ളടക്കം ചെയ്തിരിക്കുന്നത്.

1. അവർ ഒന്നാകേണം (യോഹ. 17:20-23)
2. മഹത്വീകരണം (യോഹ. 17:22-24)
3. സ്നേഹവും ഞാനും അവരിൽ ആകേണം (യോഹ. 17:26)

ദൈവജനത്തിന്റെ ഐക്യം ഈ പ്രാർത്ഥനയിലെ പ്രധാനവിഷയമാണ്. ശിഷ്യന്മാരുടെ ഐക്യത്തിനുവേണ്ടി പ്രാർത്ഥിച്ചു കഴിഞ്ഞ് ഈ ഭാഗത്ത് സഭയോടുള്ള ബന്ധത്തിലും അതേ ആവശ്യം തന്നെ ആവർത്തിക്കുന്നു. "നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേണ്ടതിനു തന്നേ" (17:21). പിതാവും യേശുക്രിസ്തുവും തമ്മിലുള്ള ഐക്യബന്ധം അവർണ്ണനീയമായ ഒന്നാണ്. ആ ഐക്യത്തിന്റെ ആന്തരികരഹസ്യം നമുക്കു മുഴുവനായി ഗ്രഹിക്കുവാൻ സാധിക്കയില്ല. ഐക്യത്തിന്റെ ഏറ്റവും ഉദാത്തമായ ഒരു മാതൃകയാണ് പിതാവും പുത്രനും തമ്മിലുള്ളത്. അപ്രകാരമുള്ള ഒരു ഐക്യം ദൈവജനത്തിന് ഉണ്ടാകേണം. യേശുക്രിസ്തു പുനരുത്ഥാനവും മഹത്വീകരണവും കഴിഞ്ഞ് സഭയുടെ ശിരസ്സായി എല്ലാ വിശ്വാസികളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന സത്യം നാം ഗ്രഹിക്കണം. സമാഗമനകൂടാരത്തിലെ പലകകളെ തമ്മിൽ ബന്ധിപ്പിക്കുന്ന നടുവിലത്തെ അന്താഴത്തെക്കുറിച്ച് നേരത്തെ പരാമർശിച്ചിട്ടുണ്ട്. ശാപഗ്രസ്ഥരായ മനുഷ്യവർഗ്ഗത്തെ തന്റെ കൃപയാൽ രക്ഷിച്ച് ദൈവജനത്തിന്റെ മധ്യത്തിൽ കൊണ്ടുവന്ന് സകല വിശുദ്ധന്മാരെയും കൂടി ഒന്നാക്കുന്ന ക്രിസ്തു എന്ന അന്താഴത്തിൽ ഇട്ടിരിക്കുന്ന അനുഗ്രഹിക്കപ്പെട്ട സ്ഥിതിയുടെ ചിത്രമാണ് ഇവിടെ നാം കാണുന്നത്. പലകയായ വിശുദ്ധനെ ക്രിസ്തുവിൽ നിന്നും കൂട്ടു സഹോദരനിൽ നിന്നും വേർതിരിക്കുവാൻ സാധ്യമല്ല. ഈ അനുഗ്രഹീതസത്യത്തെ സൂക്ഷ്മമായി ദർശിച്ച ഭക്തകവി ഇങ്ങനെ പാടി.

ക്രിസ്തുവിൽ നിസ്തുല സ്നേഹച്ചരടതിൽ
കോർത്തുള്ള മുത്തുകൾ നാം
മൃത്യുവോ ജീവനോ ഒന്നുമേ നമ്മെ
വേർപെടുത്താവതല്ല . . എത്ര ശുഭം എത്ര മോഹനം

നമുക്കും ഈ സത്യം വാസ്തവമായി ഗ്രഹിച്ച് പാട്ടുകാരനോട് ചേർന്ന് പാടി സ്തുതിക്കാം. ഈ അനുഗ്രഹീത ഐക്യബന്ധം ഒരു പക്ഷേ ലോകം കണ്ടില്ലയെന്നു വരാം.

21-ാം വാക്യത്തിൽ നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാൻ അവർ എല്ലാവരും ഒന്നാകണമെന്നുള്ള പ്രാർത്ഥന ദൈവജനത്തിന്റെ ബാഹ്യമായ ഐക്യബോധത്തെ കാണിക്കുന്നു. നാം ഒന്നാണ്, ഒരു ഭവനത്തിലെ ഏകപിതാവിന്റെ മക്കളാണെന്നുള്ളത് ലോകം അറിയേണം. ഇവിടെയാണ് ദൈവജനം പരാജയപ്പെടുന്നത്. ലോകത്തിന്റെ ദൃഷ്ടിയിൽ ദൈവജനത്തിന്റെ ഐക്യം ശിഥിലീകരിക്കപ്പെട്ടിരിക്കയാണ്. എഫെ. 4:3-ൽ ആത്മാവിന്റെ ഐക്യത സമാധാനബന്ധത്തിൽ കാപ്പാൻ ശ്രമിക്കയും ചെയ്വിൻ എന്നു പൗലൊസ് ഓർപ്പിക്കുന്നു. ആത്മാവിൽ ലഭിച്ചിരിക്കുന്ന ഐക്യം നാം കാത്തു സൂക്ഷിച്ചാൽ മതി. നാം ഐക്യം ഉണ്ടാക്കേണ്ട ആവശ്യമില്ല. അത് ആത്മാവിൽ ലഭിച്ചു കഴിഞ്ഞിരിക്കുകയാണ്. എന്നാൽ ആ ലഭിച്ചിരിക്കുന്ന ഐക്യബന്ധം കാത്തു സൂക്ഷിപ്പാൻ ശ്രമിക്കണം. ആദിമനൂറ്റാണ്ടിലെ സഭകൾ ഐക്യമത്യത്തിന്റെ നിറകുടങ്ങളായിരുന്നു. അവർ എല്ലാം ഒരേ മനസ്സോട് ഒരുമനപ്പെട്ടിരുന്നവരായിരുന്നു. അവരുടെ മധ്യത്തിൽ വളരെ ഭക്തിയും ദൈവഭയവും ഉണ്ടായിരുന്നു. അതുകൊണ്ട് ധാരാളം ആത്മാക്കൾ ആദിമസഭയ്ക്കു ലഭിച്ചിരുന്നു. എന്നാൽ ആകർഷണീയമായ ഈ അവസ്ഥാവിശേഷം വളരെ ദീർഘിച്ചില്ല. സാത്താനും അവരുടെ മധ്യത്തിൽ ഒളിച്ചുവെച്ചിരുന്ന പാപവും ഫണം വിടർത്തി ആടാൻ തുടങ്ങി, സഭയുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരുന്നപ്പോൾ തന്നെ വിഭാഗിയ ചിന്തയും കൊടിക്കുത്തി വാഴാൻ തുടങ്ങി. ലോകം വിശ്വസിപ്പാൻ അവർ ഒന്നാകണമെന്നുള്ള പ്രാർത്ഥനയും ഇന്നത്തെ വിഭാഗിയ ചിന്തയും തമ്മിൽ എന്തൊരു അന്തരം!

ഐക്യസഭയെന്ന ആശയവും അതിന്റെ ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള ഇന്നത്തെ പ്രവർത്തനവും സാത്താന്റെ പ്രവർത്തന പദ്ധതിയാണ്. യേശുക്രിസ്തുവിന്റെ പ്രവർത്തനശൈലി അതുപോലെ അനുവർത്തിക്കുകയാണല്ലോ സാത്താന്റെ വിജയരഹസ്യം. ഇന്നത്തെ ഐക്യസഭ ദൈവവചന സത്യങ്ങളോടും യേശുക്രിസ്തുവിന്റെ പാപപരിഹാരബലിയോടും കാണിക്കുന്നത് കടുത്ത അവഗണനയാണ്. സഭയുടെ ഉൽപ്രാപണാനന്തരം ഇന്ന് കാണുന്ന ഐക്യസഭ വേശ്യകളുടെ മാതാവായ മഹതീയാം ബാബിലോണെന്ന ആശയത്തിൽ പരിയവസാനിക്കുന്നു (വെളി.17-18).

യഥാർത്ഥ ദൈവസഭയിലെ ഐക്യത്തിനും മറ്റും മങ്ങൽ ഏല്ക്കുമ്പോഴും വിശ്വസ്തത വെച്ചു പുലർത്തുന്ന ഒരു ശേഷിപ്പ് ഏത് കാലത്തും ഉണ്ടായിരിക്കുമെന്ന സത്യം ആശ്വാസപ്രദമാണ്. സാത്താന്യ കോട്ടകൾ തകരുകയും ദൈവവചനത്തോടും യഥാർത്ഥ ഉപദേശങ്ങളോടും കൂറുപുലർത്തുന്ന ദൈവജനം ഒരുമിച്ച് നിൽക്കുകയും ആത്മാവിൽ ലഭിച്ചിരിക്കുന്ന ഐക്യം നിലനിൽക്കുന്നതാണ് എന്ന് ലോകം തെളിയക്കുകയും ചെയ്യും.

23-ാം വാക്യത്തിൽ ഈ ഐക്യത്തിന്റെ പൂർണ്ണതയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ്. "*നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന് ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേണ്ടതിനു തന്നെ.*" ഇത് കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ വന്ന് ക്രിസ്തുവിൽ മരിച്ചവരെയും ജീവനോടെ ശേഷിക്കുന്നവരെയും തന്റെ സവിധത്തിൽ ചേർക്കുന്ന സമയം സംജാതമാകുന്ന ഐക്യമാണ്. പണ്ഡിതനായ ജെ.എൻ. ഡാർബി ഒരുപടി കൂടി കടന്ന് സഹസ്രാബ്ദവാഴ്ചയിൽ സഭ യേശുക്രിസ്തുവിനോടു കൂടെയിരുന്നു മഹത്വസമ്പൂർണ്ണമായ അവസ്ഥാവിശേഷത്തിൽ ഈ ലോകത്തെ ഭരിക്കുമ്പോൾ ഈ ഐക്യം ആക്ഷരികമായി നിറവേറും എന്ന് പഠിപ്പിച്ചിട്ടുണ്ട്. സാത്താൻ പടുത്തുയർത്തിയ ഐക്യസഭയും അതിന്റെ പ്രവർത്തനങ്ങളും തകർന്നടിയുകയും ചെയ്യുമെന്ന് എഴുതിയിരിക്കുന്നു.

സഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥനയിലെ മറ്റൊരു പ്രധാന വിഷയമാണ് മഹത്വീകരണം എന്നുള്ളത് 24-ാം വാക്യത്തിൽ "*പിതാവേ നീ ലോകസ്ഥാപനത്തിനു മുമ്പേ എന്നെ സ്നേഹിച്ചിരിക്കകൊണ്ട് എനിക്കു നൽകിയ മഹത്വം നീ എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിന് ഞാൻ ഇരിക്കുന്നയിടത്ത് അവരും എന്നോടു കൂടെയിരിക്കേണം എന്ന് ഞാൻ ഇച്ഛിക്കുന്നു*" എന്ന് പ്രാർത്ഥിക്കുന്നു.

മഹത്വം, മഹത്വീകരിക്കുക എന്നീ പദങ്ങൾ പ്രാർത്ഥനയുടെ പ്രാരംഭത്തിൽ അഞ്ച് പ്രാവശ്യം ആവർത്തിക്കുന്നുണ്ട്. അഞ്ചാം വാക്യത്തിൽ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന് മുമ്പുണ്ടായിരുന്ന മഹത്വത്തെക്കുറിച്ചാണ് പറയുന്നത്. എന്നാൽ 24-ാം വാക്യത്തിൽ പിതാവിൽ നിന്നും യേശുക്രിസ്തുവിന് ലഭിച്ച മഹത്വത്തെക്കുറിച്ചാണ് പ്രദിപാദിച്ചിരിക്കുന്നത് (Acquired glory). ഈ മഹത്വമാണ് നമുക്ക് നൽകിയിരിക്കുന്നത്. യേശുക്രിസ്തു ദൈവം എന്നുള്ള നിലയിൽ പിതാവിനോടു കൂടിയിരിക്കുമ്പോഴുള്ള മഹത്വം പങ്ക് വെക്കാൻ കഴിയുന്ന മഹത്വമല്ല. യേശുക്രിസ്തു ഇച്ഛിക്കുന്നു (I will) എന്ന പദപ്രയോഗം ദൈവമെന്നുള്ള നിലയിൽ കർത്താവിന് മാത്രമേ അവകാശത്തോടു കൂടി പറയുവാൻ കഴിയൂ. ഗത്ശമന തോട്ടത്തിങ്കൽ വെച്ചുള്ള പ്രാർത്ഥനയിൽ പിതാവേ എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം നടക്കട്ടെ എന്നാണ് നാം കാണുന്നത്. എന്നാൽ ഈ ഭാഗത്ത് യേശുക്രിസ്തുവിന്റെ അവകാശത്തോടു കൂടിയും അധികാരത്തോടു കൂടിയുമുള്ള അപേക്ഷയാണ് ഞാൻ ഇച്ഛിക്കുന്നു എന്നുള്ളത്.

ഈ മധ്യസ്ഥപ്രാർത്ഥനയുടെ അവസാന വാക്കുകൾ ശ്രദ്ധിക്കുക. "*നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്ക് വെളിപ്പെടുത്തിയിരിക്കുന്നു; ഇനിയും വെളിപ്പെടുത്തും*" (17:26). നിശ്ചയദാർഢ്യത്തോടു കൂടിയുള്ള കർത്താവിന്റെ വാക്കുകൾ എത്ര ഇമ്പമുള്ള വാക്കുകളാണ്. ദൈവസ്നേഹം നമ്മിൽ ആകുന്നതിനുവേണ്ടി പ്രാർത്ഥിക്കുന്നു. നീതീകരണത്തിന്റെ ഫലമായി ദൈവസ്നേഹം പരിശുദ്ധാത്മാവ് നമ്മിൽ പകരുന്നു (റോമർ 5:5). നിലനിൽക്കുന്ന വരങ്ങളിൽ ഒന്നാണല്ലോ സ്നേഹം. ആ സ്നേഹം നമ്മിൽ ആകുന്നതിനുവേണ്ടിയാണ് കർത്താവ് പ്രാർത്ഥിക്കുന്നത്. മാളികമുറി പ്രഭാഷണത്തിന്റെ ആരംഭം സ്നേഹത്തിൽ ആയിരുന്നു. സ്നേഹത്തിൽ ഈ പ്രഭാഷണം അവസാനിക്കുകയും ചെയ്തു. സ്നേഹത്തിന്റെ മാഹാത്മ്യം ആർക്ക് വർണ്ണിക്കുവാൻ കഴിയും. ആയിരം ആയിരം നാവുകളാൽ പാടിയാലും അവസാനിക്കാത്ത ഗാനമാണ് ദൈവസ്നേഹത്തെക്കുറിച്ചുള്ള ഗാനം.

അതുമാത്രവുമല്ല *ഞാൻ അവരിൽ ആകുവാനും* പ്രാർത്ഥിക്കുന്നു. ആത്മമണവാളന്റെ ഉൽക്കടമായ ആഗ്രഹം നോക്കുക. യേശുക്രിസ്തുവിനു നമ്മോടുകൂടെ ആകുന്നതിനുവേണ്ടിയുള്ള ആഗ്രഹം. നമുക്ക് കർത്താവിനോടു കൂടെ ആകുന്നതിനുള്ള ആഗ്രഹത്തെക്കാൾ കർത്താവിന് നമ്മിൽ ആയിരിക്കുവാനുള്ള ആഗ്രഹം നാം ഗ്രഹിച്ചിട്ടുണ്ടോ? ഇതാ ഞാൻ വേഗം വരുന്നു! നിങ്ങളിൽ ആകുന്നതിന് നിങ്ങളിൽ നിന്നും ഒരിക്കലും വേർപിരിയാതെ ഒരുമിച്ചാകുന്നതിനുവേണ്ടി എന്റെ പ്രിയേ ഇതാ ഞാൻ വേഗം വരുന്നു! ആമേൻ കർത്താവായ യേശുവേ വരേണമേ എന്ന് ഹൃദയത്തിന്റെ ആഴത്തിൽ നിന്നും നമുക്കും പ്രാർത്ഥിക്കാം.

**(അവസാനിച്ചു)**

# ഒരുക്കമുള്ള ആരാധന (തുടർച്ച)

എസ്.ജി. ഗിൽബർട്ട്, ആറാമട

**2. സഭയായിട്ടുള്ള ഒരുക്കം.**

സഭ ദൈവത്തിന്റെ മന്ദിരമാണ്. വ്യക്തികൾ ചേരുന്നതാണ് സഭ. വ്യക്തികൾ ഓരോരുത്തരും ഒരുക്കപ്പെട്ടാലെ സഭ ഒരുക്കപ്പെടുകയുള്ളൂ. ആഴ്ചയിൽ 6 ദിവസവും ദൈവത്തിൽ നിന്നും അന്യപ്പെട്ട് യാതൊരു ദൈവിക കൂട്ടായ്മയും ഇല്ലാതെ ജീവിച്ചിട്ട് ഞായറാഴ്ച വന്ന് കർത്തൃമേശയിൽ പങ്കുചേർന്ന് ആരാധിക്കുന്നത് ദൈവം ഇഷ്ടപ്പെടുന്ന വിഷയം അല്ല. 6 ദിവസവും ദൈവത്തെ വ്യക്തിപരമായി ആരാധിച്ച വ്യക്തിക്കു മാത്രമെ സഭയോടു ചേർന്ന് ദൈവത്തെ ആരാധിക്കുവാൻ അവകാശമുള്ളൂ. സഭയ്ക്കും മൊത്തമായി ആരാധനയ്ക്കായി 6ദിവസത്തെ ഒരുക്കം ആവശ്യമാണ്. ഞായറാഴ്ച ആരാധനകഴിഞ്ഞ് സഭ പിരിഞ്ഞശേഷം അടുത്ത ഞായറാഴ്ചവരെ സഭയും മൊത്തമായി വിശുദ്ധി പാലിച്ചിരിക്കണം.

**a. സഭയിൽ അശുദ്ധി ഉണ്ടായാൽ**

സഭയിൽ ഭിന്നതയുണ്ടായാൽ അത് അടുത്ത ഞായറാഴ്ചയ്ക്കു മുമ്പ് പരിഹരിച്ചിരിക്കണം. കഴിയുമെങ്കിൽ പ്രശ്നം ഉണ്ടായ ദിവസം സൂര്യൻ അസ്തമിക്കുന്നതിനു മുമ്പുതന്നെ പരിഹരിച്ചിരിക്കണം. വിഷയങ്ങൾ പലതരത്തിൽ ഉള്ളതായിരിക്കാം. കുടുംബപരമായ വിഷയങ്ങൾ ആയാലും. വിശ്വാസിയും അവിശ്വാസിയും തമ്മിലായാലും, വിശ്വാസിയും, സഹവിശ്വാസിയും തമ്മിലായാലും നിരപ്പു പ്രാപിക്കാതെ ആരാധനയിൽ പങ്കെടുക്കാൻ പാടില്ല. ആരാധനയിൽ സംബന്ധിച്ചാൽ തന്നെ കർത്തൃമേശയിൽ പങ്കെടുക്കാൻ പാടില്ല. ഏതു തെറ്റു ചെയ്തിട്ടും യാതൊരു കുറ്റബോധവുമില്ലാതെ ഞായറാഴ്ച വന്ന് കർത്തൃമേശയിൽ സംബന്ധിക്കുന്നവരെ കണ്ടിട്ടുണ്ട്.

ദൈവീക ആരാധനയുടെ ഗൗരവം മനസ്സിലാക്കാതെയാണ് പലരും പ്രശ്നങ്ങൾ പരിഹരിക്കാതെ കർത്തൃമേശയിൽ സംബന്ധിക്കുന്നത്. ഈ വിഷയത്തിൽ നമ്മുടെ കർത്താവിന്റെ വാക്കുകൾ ശ്രദ്ധേയമാണ്. "ആകയാൽ നിന്റെ വഴിപാടു യാഗപീഠത്തിങ്കൽ കൊണ്ടുവരുമ്പോൾ സഹോദരന്നു നിന്റെ നേരെ വല്ലതും ഉണ്ടെന്നു അവിടെവച്ചു ഓർമ്മ വന്നാൽ നിന്റെ വഴിപാടു അവിടെ യാഗപീഠത്തിന്റെ മുമ്പിൽ വെച്ചേച്ചു ഒന്നാമതു ചെന്നു സഹോദരനോടു നിരന്നുകൊൾക. പിന്നെ വന്നു നിന്റെ വഴിപാടു കഴിക്ക. (മത്തായി.5:23-24). ഇന്ന് ചിലർ രഹസ്യമായി മദ്യം ഉപയോഗിക്കുകയും, ദൈവം വെറുക്കുന്ന പല പാപപ്രവൃത്തികളിലും ഏർപ്പെട്ടിട്ട് യാതൊരു കൂസലും കൂടാതെ ഞായറാഴ്ച കർത്തൃമേശയിൽ പങ്കുചേരുന്നു. ഇങ്ങനെയുള്ള വരെക്കുറിച്ച് സഭയ്ക്ക് അറിയാമെങ്കിലും അങ്ങനെയുള്ളവരെ താക്കീത് ചെയ്യുവാനോ ശാസിക്കാനോ? ധൈര്യം കാണിക്കാത്ത സഭാനേതൃത്വം ഉണ്ടെന്നുള്ളത് ദു:ഖകരമായ വസ്തുതയാണ്. അശുദ്ധി കണ്ടിട്ട് അതിനെ ശാസിക്കയോ, ഗുണദോഷിക്കയോ ചെയ്യാൻ ധൈര്യം കാണിക്കാത്ത സഭാ അദ്ധ്യക്ഷന്മാർ ഒരു ദിവസം തങ്ങളുടെ ആട്ടിൻ കൂട്ടത്തെ എങ്ങനെ അദ്ധ്യക്ഷത വഹിച്ചു എന്ന് ക്രിസ്തുവിന്റെ ന്യായാസനത്തിങ്കൽ കണക്ക് പറയേണ്ടതാണ് (എബ്രാ.13:17).

**b. ഒരുക്കമില്ലാത്ത ആരാധന**

ആരാധനയ്ക്ക് സഭയായി ഹൃദ്യമായ ഒരുക്കം ആവശ്യമാണ്. ദൈവമക്കൾക്ക് മാത്രമെ സഭയായി ദൈവത്തെ ആരാധിക്കാൻ അവകാശമുള്ളൂ. വിവാഹം, ശവസംസ്ക്കാരം എന്നീ ശുശ്രൂഷകൾ നടക്കുന്ന അവസരങ്ങളിൽ ദൈവജനം മാത്രമല്ല അവിടെ കൂടുന്നത്. സമൂഹത്തിലെ നാനാ തുറകളിൽപെട്ട ആളകുൾ അവിടെ സന്നിഹിതരായിരിക്കും. അങ്ങനെയുള്ള ഒരു കൂട്ടത്തെ വിശുദ്ധ സഭ എന്നു പറയാൻ സാധിക്കുമോ. വിവാഹവേളയിലും ശവസംസ്ക്കാരവേളകളിലും ഒരിക്കലും സഭയായി കർത്താവിനെ ആരാധിക്കാൻ പറ്റിയ സന്ദർഭമല്ല. വ്യക്തിപരമായി ദൈവത്തെ മഹത്വപ്പെടുത്തേണ്ട സന്ദർഭത്തിൽ അതു ചെയ്യാം എന്നുള്ളതല്ലാതെ സഭയായി ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ദൈവത്തെ ആരാധിക്കാൻ യാതൊരു വ്യവസ്ഥയും തിരുവെഴുത്തിലില്ല.

ഞായറാഴ്ചയുള്ള ആരാധന നിയന്ത്രിക്കുന്നത് പരിശുദ്ധാത്മാവാം ദൈവം എന്നത് ശരിയാണെങ്കിലും സഭാ നേതൃത്വത്തിനു വലിയ പങ്കുണ്ട്. സഭയിൽ അശുദ്ധി കടന്നുകൂടിയിട്ടുണ്ടെങ്കിൽ സഭാനേതൃത്വം അതു ശ്രദ്ധിക്കണം. എത്രയും വിശുദ്ധിയോടും ആദരവോടും ഒരുക്കത്തോടുകൂടെ മാത്രമെ സഭയായി ദൈവത്തെ ആരാധിക്കാവൂ. തന്റെ ജനത്തിന്റെ സ്തുതിസ്തോത്രയാഗങ്ങൾ സ്വീകരിക്കാൻ സഭാകാന്തൻ ആഗതനായിരിക്കുന്ന ദിനമാണ് ഞായറാഴ്ചയുള്ള സഭായോഗം. ആരാധനയിൽ അശുദ്ധികണ്ടാൽ വിശുദ്ധനായ ദൈവം ദഹിപ്പിക്കുന്ന അഗ്നിയാണ് (എബ്രാ.12:29).

കൃപായുഗമായതിനാൽ നാം എങ്ങനെ ആരാധിച്ചാലും കർത്താവ് ശ്രേഷ്ഠ മഹാപുരോഹി

# കൃപ എന്ന വിശിഷ്ട വിഷയം–3

കെ. വി. ജോൺ, തിരുവല്ല

## നാശത്തിൽനിന്നു വിടുവിക്കുന്ന അഥവാ ജീവനെ രക്ഷിക്കുന്ന കൃപ

"ലോത്ത് അവരോട് (സോദോമും ഗൊമോറയും നശിപ്പിക്കുവാൻ യഹോവ അയച്ച ദൂതന്മാരോട്) പറഞ്ഞത്: അങ്ങനെയല്ല കർത്താവേ; നിനക്ക് അടിയനോട് കൃപ തോന്നിയല്ലോ. എന്റെ ജീവനെ രക്ഷിപ്പാൻ എനിക്ക് വലിയ കൃപ നീ കാണിച്ചിരിക്കുന്നു. . . . ." (ഉല്പത്തി 19:18,19).

വലിയ കൃപ ലഭിച്ച വ്യക്തി എന്ന നിലയിലാണ് ലോത്ത് തന്നെക്കുറിച്ച് തന്നെ സംസാരിക്കുന്നത്. കാരണം അവന്റെ പ്രാണനെ ദൈവം നാശത്തിൽ നിന്നും വീണ്ടെടുത്തു. കൃപയാൽ നാശത്തിൽ നിന്നും രക്ഷപ്രാപിച്ച ലോത്തിനെക്കുറിച്ച് വിശ്വാസികളായ നാം ശ്രദ്ധിച്ചു ഗ്രഹിക്കേണ്ട ചില പരാമർശങ്ങൾ പത്രൊസിന്റെ ലേഖനത്തിലുണ്ട്.

"സോദോം ഗൊമോറ എന്ന പട്ടണങ്ങളെ ഭസ്മീകരിച്ച് ഉന്മൂലനാശത്തിൽ ന്യായം വിധിച്ചു മേലാൽ ഭക്തികെട്ട് നടക്കുന്നവർക്ക് ദൃഷ്ടാന്തമാക്കിവെക്കയും അധർമ്മികളുടെ ഇടയിൽ വസിച്ചിരിക്കുമ്പോൾ നാൾതോറും അധർമ്മപ്രവർത്തി കണ്ടും കേട്ടും തന്റെ നീതിയുള്ള മനസ്സിൽ നൊന്ത് അവരുടെ ദുഷ്കാമ പ്രവർത്തിയാൽ വലഞ്ഞു പോയ നീതിമാനായ ലോത്തിനെ വിടുവിക്കയും ചെയ്തു" (2 പത്രൊസ് 2:6–8).

ലോത്തിന്റെ മനസ്സ് നീതിയുള്ളതായിരുന്നു. പക്ഷേ 'നൊന്ത' അനുഭവമായിരുന്നു. വ്യസനപാരവശ്യം എന്ന് അർത്ഥം കൊടുക്കാവുന്ന വെക്സട് (Vexed) എന്ന വാക്കാണ് ഇംഗ്ലീഷ് പരിഭാഷയിൽ കാണുന്നത്. ഇതേ വാക്കുതന്നെയാണ് ന്യായാധിപന്മാരുടെ പുസ്തകത്തിൽ ശിംശോനെക്കുറിച്ചും ഒരു പ്രത്യേക അവസരത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. "ഇങ്ങനെ അവൾ (ദെലീലാ) അവനെ (ശിംശോനെ) ദിവസംപ്രതി വാക്കുകളാൽ ബുദ്ധിമുട്ടിച്ച് അസഹ്യപ്പെടുത്തി. അവൻ മരിക്കുവാൻ തക്കവണ്ണം വ്യസന പരവശനായിത്തീർന്നിട്ട് അവന്റെ ഉള്ളം മുഴുവനും അവളെ അറിയിച്ചു (ന്യായാ. 16:16). നാസീർ വ്രതസ്ഥനായ ശിംശോനും കൃപ ലഭിച്ച ലോത്തും ഒരുപോലെ വ്യസന പരവശരായിത്തീർന്നു. ശിംശോൻ വ്യസനപരവശനായിത്തീർന്നത് തന്റെ ജഡാഭിലാഷം ഹേതുവായിട്ടാണ്. ജഡത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുവാൻ 'യഹോവയ്ക്ക് തന്നെത്താൻ സമർപ്പിച്ചിരിക്കുന്ന, വീഞ്ഞും മദ്യവും കുടിക്കുവാനോ ശവത്തിന്റെ അടുക്കൽ ചെല്ലുവാനോ അനുവാദമില്ലാത്ത' ശിംശോന് കഴിഞ്ഞില്ല. (1 കൊരി. 9:27; സംഖ്യാ 6:1–7). മറിച്ച് മോഹങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്കുകയും (റോമർ 13:14) അതിനനുസരിച്ച് അവൻ പ്രവർത്തിക്കയും ചെയ്തു. ഫലമോ ലജ്ജ നിറഞ്ഞ അവസാനം.

ലോത്ത് വ്യസന പരവശനാകാൻ കാരണം അധർമ്മികളുടെ ഇടയിൽ വസിച്ചുകൊണ്ട് നാൾതോറും അധർമ്മപ്രവർത്തികൾ കണ്ടും കേട്ടും ജീവിതം തുടർന്നതുകൊണ്ടാണ്. സോദോം ഗൊമോറയിലെ ജനങ്ങൾ ദുഷ്ടന്മാരായിരുന്നു. അവരുടെ അതികഠിനമായ പാപത്തിന്റെ വലിയ നിലവിളി ദൈവസന്നിധിയിൽ എത്തിയതായി എഴുതിയിരിക്കുന്നു (ഉല്പത്തി 18:20, 21). അതികഠിനമായ ഈ പാപത്തെക്കുറിച്ച് പൗലൊസ് റോമർ 1: 25–27 വരെയുള്ള വാക്യങ്ങളിൽ വിവരിച്ചിരിക്കുന്നു. താൻ പാപം ചെയ്തില്ലെങ്കിലും പാപികളുടെ മധ്യത്തിൽ കുടുംബസമേതം ജീവിക്കേണ്ടിവന്നതുകൊണ്ട് തന്റെ മനം ദിനംപ്രതി നൊന്തു.

നീതിമാനെങ്കിലും 'വലഞ്ഞു' പോയവനായിട്ടാണ് പത്രൊസ് ലോത്തിനെ ചിത്രീകരിക്കുന്നത്. അവൻ വലഞ്ഞത് തന്റെ ഭാര്യമൂലവും പെൺമക്കൾ മൂലവുമാണെന്ന് എടുത്തു പറയേണ്ടതില്ലല്ലോ. വിട്ടു പോന്നതിനെ പുറകോട്ട് നോക്കരുതെന്ന് കർശന നിർദ്ദേശമുണ്ടായിരുന്നെങ്കിലും ലോത്തിന്റെ ഭാര്യ തിരിഞ്ഞു നോക്കി ഉപ്പുതൂണായി, ചലനമറ്റ

---

തനായിട്ടിരുന്ന് ആരാധന സ്വീകരിച്ച് പിതാവിന്റെ കരങ്ങളിൽ സൗരഭ്യവാസനയായി എത്തിച്ചുകൊള്ളും എന്നാണ് പലരും കരുതുന്നത്. എന്നാൽ അത് തെറ്റായ ചിന്താഗതിയാണ്. "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവത്തെ ഏക മനസ്സോടെ ഒരേ വായിനാൽ മഹത്വീകരിക്കേണ്ടതിന്നു..." (റോമ.15:5). പിതാവായ ദൈവത്തെ ഏകമനസ്സോടെ ഒരേ വായിനാൽ മഹത്വീകരിക്കണം. ദൈവത്തെ ആരാധിക്കേണ്ടും വണ്ണം ആരാധിക്കണം. അല്ലായെങ്കിൽ ബലഹീനരും, രോഗികളും ആയിത്തീരും ചിലർ മരണവഴിയായി കടന്നു പോയെന്നു വരും (1കൊരി.11:28–31). ദൈവത്തിനു അവന്റെ നാമത്തിന്നു തക്കമഹത്വമാണ് കൊടുക്കേണ്ടത്. അങ്ങനെയെങ്കിൽ അത്ര മാത്രം ഒരുക്കവും ഗൗരവവും ഉള്ള വിഷയമാണ്. കർത്തൃമേശ വച്ചുള്ള ആരാധന. (തുടരും)

വളായി തീർന്നു. ഉറ്റവളെ യാത്രാമദ്ധ്യേ ഉപേക്ഷിച്ച് പെൺമക്കളുമായി പർവ്വതത്തിൽ പാർപ്പാൻ തുനിഞ്ഞ ലോത്തിന്റെ പിന്നത്തെ അനുഭവം എത്ര ലജ്ജാപൂർണ്ണമായിത്തീർന്നു. ജാതികളിൽ പോലും ഇല്ലാത്ത മ്ലേച്ഛത പ്രവർത്തിപ്പാൻ ഈ പെൺകുട്ടികൾക്ക് മടിയില്ലായിരുന്നു. ഒരു പക്ഷേ അധർമ്മികളുടെ ഇടയിൽ പാർക്കുമ്പോൾ അവിടെ കണ്ടതും കേട്ടതുമായ കാര്യങ്ങളായിരിക്കാം അവർ സ്വന്ത പിതാവിൽ പ്രാവർത്തീകമാക്കിയത്. ഇതിന്റെയെല്ലാം പരിണത ഫലം എത്രമാത്രം ഭയാനകമായിരുന്നു എന്ന് എടുത്തു പറയേണ്ടതില്ലല്ലോ. ദൈവത്തിൽ നിന്നും എന്നെക്കുമുള്ള അകൽച്ച. ലോത്തിന്റെ പിൻകാലത്തെക്കുറിച്ച് പിന്നെ നാം ഒന്നും വായിക്കുന്നില്ല. പെൺമക്കളെക്കുറിച്ചും തഥൈവ. ആ അദ്ധ്യായം അവിടെ അടഞ്ഞു. അബ്രഹാമിനെക്കുറിച്ച് നാം കാണുന്നത് “അബ്രഹാം വയോധികനും കാലസമ്പൂർണ്ണനുമായി നല്ല വാർദ്ധക്യത്തിൽ പ്രാണനെ വിട്ടു. തന്റെ ജനത്തോടു ചേർന്നു. അബ്രഹാം മരിച്ച ശേഷം ദൈവം അവന്റെ മകനായ യിസ്ഹാക്കിനെ അനുഗ്രഹിച്ചു. യ്സ്ഹാക്ക് ബേർ ലഹയീരോയിക്കരികെ പാർത്തു (ഉല്പത്തി 25:7-11). ബേർ ലഹയീരോയി’ എന്ന വാക്കുകളുടെ ആശയം ദൈവത്തോടു ചേർന്നു എന്നാണ്.

ലോത്തിനും അടുത്ത തലമുറയ്ക്കും എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു. ഉല്പത്തി 13-ാം അദ്ധ്യായം വായിച്ചാൽ അതു മനസ്സിലാകും. അബ്രഹാമും ലോത്തും ഒരുമിച്ചു പുറപ്പെട്ടു. ഒരുമിച്ചു യാത്ര ചെയ്തു. പല സ്ഥലങ്ങളിൽ ഒരുമിച്ചു പാർത്തു. ഒടുവിൽ വേർപെട്ടു പിരിഞ്ഞു. തെക്കേ ദേശമെന്ന് രേഖപ്പെടുത്തിയിരിക്കുന്ന കനാനിൽ എത്തിയപ്പോൾ യോർദ്ദാനരികെയുള്ള പ്രദേശം നീരോട്ടമുള്ളതെന്നു കണ്ടു. അതു തിരഞ്ഞെടുത്തു. അവിടെ പാർത്തില്ല. എന്നു മാത്രമല്ല അവിടെ നിന്നും കിഴക്കോട്ട് യാത്ര ചെയ്ത് ആ പ്രദേശങ്ങളിലെ പട്ടണങ്ങളിൽ പാർത്തു. മാത്രമോ തന്റെ കൂടാരം സോദോംവരെ നീക്കി നീക്കി അടിക്കുകയും ചെയ്തു. കൂടുതൽ കൂടുതൽ സമൃദ്ധി ആഗ്രഹിച്ചായിരിക്കാം അത്രത്തോളം പോയത്. അങ്ങനെ ദുഷ്ടന്മാരും പാപികളും ആയിരുന്ന ജനമദ്ധ്യേ എത്തിച്ചേർന്നു. അവിടെ മനം നൊന്ത് വ്യസന പരവശനായി പാർത്തു.

വിശ്വാസ ഗോളങ്ങളിലുള്ള കൃപ ലഭിച്ച ചിലരുടെ ദയനീയ ചിത്രമാണ് നാം ലോത്തിലൂടെ ദർശിക്കുന്നത്. ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ഇച്ഛാശക്തി അഥവാ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയാണ് സൃഷ്ടിച്ചത്. എന്നാൽ ഭാവിയിൽ സംഭവിപ്പാൻ സാദ്ധ്യതയുള്ള അപകടങ്ങളെക്കുറിച്ച് ആരാഞ്ഞ് അറിയാതെയും അടുത്ത തലമുറയ്ക്ക് അത് എങ്ങനെ ബാധിക്കുമെന്ന് ചിന്തിക്കാതെയും അവരുടെ ഭാവി നിലനിൽപ്പിനെ നോക്കാതെയുള്ള തിരഞ്ഞെടുപ്പ് പിന്നത്തേതിൽ അതീവ ദുഃഖത്തിന് കാരണമായിത്തീരുന്നു. അടുത്ത തലമുറ അക്കാരണത്താൽ വിവേകശൂന്യരായിത്തീരുന്നു എന്നു മാത്രമല്ല ദൈവത്തിൽ നിന്നും ദൈവജനത്തിൽ നിന്നും അവർ എന്നേക്കുമായി അകലുന്നു.

കർത്താവ് തന്റെ രണ്ടാം വരവിനോടുള്ള ബന്ധത്തിൽ പറഞ്ഞു. ‘ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ’ (ലൂക്കൊസ് 17:32). കൃപയാൽ വിശ്വാസം മൂലം നീതീകരണം പ്രാപിച്ച് കർത്താവിന്റെ വരവിനെ നോക്കിപ്പാർക്കുന്ന ദൈവജനം. ജോലി, ബിസിനസ്, വാസസ്ഥലം, മക്കളുടെ വിദ്യാഭ്യാസം, വിവാഹം ഇത്യാദി കാര്യങ്ങൾ സംബന്ധമായി തിരഞ്ഞെടുപ്പു നടത്തുമ്പോൾ ലോത്തിന്റെ ഭാര്യയെ മാത്രമല്ല, ലോത്തിനെയും പെൺമക്കളേയും കൂടെ ഓർത്തുകൊള്ളണം. “ദൈവത്തിൽ നിന്നും ജനിച്ചവൻ തന്നെത്താൻ സൂക്ഷിക്കുന്നു. ദുഷ്ടൻ അവനെ തൊടുന്നതുമില്ല” (1 യോഹ. 5:18). “ആകയാൽ താൻ നിൽക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ” (1 കൊരി. 10:12). (തുടരും)

## വിലാസമാറ്റം

**തലച്ചിറ** : തലച്ചിറ സിയോൺ അസംബ്ലിക്കുള്ള കത്തുകൾ ഇനി മേലാൽ താഴെകാണുന്ന വിലാസത്തിൽ ആയിരിക്കണമേ. പി.കെ. രാജൻ (മൂപ്പൻ), പാറയ്ക്കൽ വീട്, തലച്ചിറ പി.ഒ., പത്തനംതിട്ട - 689 664 എന്ന് സഭയ്ക്കുവേണ്ടി സുവി. മാത്യു തോമസ്. പി.കെ. രാജൻ (മൂപ്പൻ)

**വാളക്കുഴി** : സുവിശേഷകന്മാരായ പി.ഡി. തോമസ്, അനീഷ് പി. തോമസ് എന്നിവരുടെ പുതിയ വിലാസം. പുല്ലൂർ ഹൗസ് വാളക്കുഴി പി.ഒ., വെണ്ണിക്കുളം - 689 544. പഴയ അഡ്രസ് Evg. P.D. Thomas, Olickel House, Aanathadem, Pazhavangadi P.O., Ranny 689673, എന്ന് സുവി. പി.ഡി. തോമസ്.

**Tonk Brethren** സഭയ്ക്കുള്ള കത്തുകൾ അയയ്ക്കേണ്ട വിലാസം K.G. Mathew, 2/493, Housing Board, Tonk, Rajasthan - 304001, Ph: 01432 - 246321 എന്ന് ആന്റണി ഒ., ഏബ്രഹാം വി.വി., കെ.ജി. മാത്യു.

# പ്രായോഗിക ക്രിസ്തീയ ജീവിതം

തോമസ് ഏബ്രഹാം, അറ്റ്ലാന്റാ

## ആമുഖം

പഴയനിയമപ്രകാരം മനുഷ്യവർഗ്ഗത്തെ യിസ്രയേൽ, ജാതി എന്നിങ്ങനെ 2 ആയി വിഭജിക്കാവുന്നതാണ്. നോഹയുടെ പുത്രന്മാരിൽനിന്നും ഭൂമിയിൽ മനുഷ്യർ ജാതിജാതിയായി പിരിഞ്ഞു (ഉല്പത്തി. 10:5,32). ദൈവം ജാതികളിൽ നിന്നും അബ്രഹാം എന്ന ഒരുവനെ തിരഞ്ഞെടുത്തു. അവൻ പാർത്തിരുന്ന കൽദയരുടെ പട്ടണമായ ഊരിൽ നിന്നും വിളിച്ച് കനാൻ ദേശത്തു കൊണ്ടുവന്നു. അവന് അവകാശങ്ങളും വാഗ്ദത്തങ്ങളും നൽകി. അബ്രഹാമിനും അവന്റെ സന്തതിക്കും അബ്രഹാമ്യ നിയമംമൂലം അവകാശങ്ങൾ ലഭിച്ചു. അത് അബ്രഹാമിൽ നിന്നും യിസ്ഹാക്കിലേക്കും യിസ്ഹാക്കിൽ നിന്ന് യാക്കോബിനും അവനിൽനിന്നുത്ഭവിച്ച 12 ഗോത്രങ്ങൾക്കും ലഭിച്ചു. യാക്കോബിന് യിസ്രായേൽ എന്ന് പേർ ലഭിച്ചു. ആ പേരിൽത്തന്നെ 12 ഗോത്രങ്ങളും അറിയപ്പെടുന്നു.

ഇങ്ങനെ ജാതികളിൽ നിന്നും വിളിച്ച് വേർതിരിച്ച യിസ്രായേൽജനം ജാതികളുടെ കൂട്ടത്തിൽ ഉൾപ്പെടാതെ തനിച്ചു പാർക്കുന്ന ദൈവത്തിന്റെ ജനമായിത്തീർന്നു (സംഖ്യ 23:9). ഭൂമിയിലെ സകല ജാതികളും ദൈവത്തെ അറിയുവാനും അനുഗ്രഹിക്കപ്പെടുവാനുമായിട്ടാണ് ദൈവം അബ്രഹാമിനെ തിരഞ്ഞെടുത്തത് (ഉല്പത്തി. 18:18-19). യിസ്രായേൽ ഭൂമിയിൽ തനിക്ക് അവകാശജനം ആയിരിക്കേണ്ടതിനും ഭൂതലത്തിലുള്ള സകല ജാതികളിലും വെച്ച് സ്വന്തജനവും വിശുദ്ധജനവും ആയിരിക്കേണ്ടതിനുമായി ദൈവം അവരെ ആക്കിവെച്ചു (ആവ. 7:6, 14:2). ഈ ജനത്തിന് പുത്രത്വവും തേജസും നിയമങ്ങളും ന്യായപ്രമാണവും ആരാധനയും വാഗ്ദത്തങ്ങളും നൽകി (റോമർ 9:4,5). ജഡപ്രകാരം ക്രിസ്തുവും അവരിൽനിന്നും ഉത്ഭവിച്ചു. ദൈവപുത്രനും വീണ്ടെടുപ്പുകാരനുമായ കർത്താവായ യേശു ഒരു യഹൂദനായി ജനിക്കണമെന്നുള്ള പ്രവചനം ഈ ജാതിക്കുള്ള പ്രത്യേകത തന്നെ (യെശ. 7:14 ; 9:6,7). ലോകത്തിൽ സകല ജാതികളുടെയും മദ്ധ്യേ ദൈവത്തെ ആരാധിക്കേണ്ടതിനും ഉത്സവം ആചരിക്കേണ്ടതിനും ദൈവനാമം ജാതികളുടെ ഇടയിൽ പ്രസിദ്ധമാകേണ്ടതിനുമായി ദൈവം യിസ്രായേലിനെ ഭൂമിയിൽ ആക്കിവെച്ചു. എങ്കിലും ദൈവഹിതം വേണ്ടവിധം ആ ജാതി നിറവേറ്റിയില്ല. എന്നാൽ ഭാവിയിൽ ദൈവം അവരെ അതിനായി വീണ്ടും ഉപയോഗിക്കേണ്ടതിന് അവരുടെ വീണുപോയ കൂടാരത്തെ വീണ്ടും പണിയും (അപ്പൊ. 15:16).

പുതിയനിയമത്തിൽ മനുഷ്യവർഗ്ഗത്തെ യഹൂദന്മാർ, യവനന്മാർ, ദൈവസഭ എന്നിങ്ങനെ 3 ആയി തിരിച്ചിരിക്കുന്നു (1 കൊരി. 10:32). പുതിയനിയമകാലത്ത് മദ്ധ്യേഷ്യയിൽ യഹൂദനു പുറമേയുള്ള ജാതികളിൽ ഭൂരിഭാഗവും യവനന്മാരായിരുന്നു. അതിനാൽ യഹൂദന്മാരെ ഒഴിച്ചുള്ള എല്ലാ ജാതിക്കാരെയും ഉൾപ്പെടുത്തി യവനന്മാർ എന്നു വിളിച്ചിരുന്നു.

പെന്തക്കൊസ്തു ദിനത്തിൽ യഹൂദന്മാരിൽ നിന്നും ഏകദേശം 3000ത്തോളം പേർ പരിശുദ്ധാത്മ സ്നാനത്താൽ ദൈവസഭയോട് ചേർക്കപ്പെട്ടു. തുടർന്ന് രക്ഷിക്കപ്പെടുന്നവരെ ദിനംപ്രതി കർത്താവ് സഭയോട് ചേർത്തുകൊണ്ടിരുന്നു (അപ്പൊ. 2:41,47). അതിനുശേഷം ജാതികളിൽ നിന്നുള്ളവർ സുവിശേഷത്താൽ രക്ഷിക്കപ്പെട്ടു. അവരെയും, പെന്തക്കൊസ്തു നാളിൽ യഹൂദന്മാരിൽ വിശ്വസിച്ചവരെ സഭയോടു ചേർത്തതുപോലെ തന്നെ ദൈവസഭയിലേക്ക് ചേർത്തു (അപ്പൊ, 11:15-18). ഇപ്രകാരം യഹൂദന്മാരിൽ നിന്നും ജാതികളിൽനിന്നും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താൽ രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തെയാണ് ദൈവസഭ എന്നറിയപ്പെടുന്നത്. അവർ ക്രിസ്തുവിന്ന് ഏക ശരീരസ്ഥരാണ് (1 കൊരി. 12:13). സഭയ്ക്ക് ഗ്രീക്കിൽ 'യെക്ലേസിയ' എന്ന് പറയുന്നു. അതിനു 'വിളിച്ചു വേർതിരിച്ചത്' എന്നർത്ഥം. ദൈവസഭയിൽ ഉൾപ്പെട്ടവരെ പല പേരുകളിൽ അറിയപ്പെടുന്നു. ആദ്യകാലങ്ങളിൽ ശിഷ്യന്മാർ എന്ന പേരിൽ അറിയപ്പെട്ടിരുന്നു. ഇത് അപ്പൊസ്തല പ്രവർത്തിയിൽ മാത്രമേ കാണുന്നുള്ളൂ. ഈ പദം ഏകദേശം 30 പ്രാവശ്യം ഉണ്ട്. പിന്നീട് ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്ന് പേർ ലഭിച്ചു. ഇത് മറ്റുള്ളവർ പുച്ഛമായി വിളിച്ചിരുന്ന പേരായിരുന്നു. പുതിയനിയമത്തിൽ 3 ഇടത്ത് മാത്രമേ ഈ പേർ കാണുന്നുള്ളൂ (അപ്പൊ. 11:26;28, 1 പത്രൊസ് 2:9) പിന്നീട് സഹോദരന്മാർ എന്ന പേരിൽ അറിയപ്പെട്ടു. ഈ പേര് പുതിയനിയമത്തിൽ 200ൽ അധികം പ്രാവശ്യം കാണുന്നുണ്ട്. തുടർന്ന് വിശ്വാസികൾ, അവകാശികൾ, വിശുദ്ധന്മാർ, ദൈവമക്കൾ, പ്രിയമക്കൾ, വെളിച്ചത്തിന്റെ മക്കൾ, പ്രിയ സഹോദരന്മാർ, ക്രിസ്തുവിന്റെ ദാസന്മാർ, ദൈവജനം, തിരഞ്ഞെടുക്കപ്പെട്ടവർ, രാജകീയ പുരോഹിതവർഗ്ഗം, വിശുദ്ധവംശം, സ്വന്തജനം എന്നിങ്ങനെ വിവിധ പേരുകളിൽ സഭാംഗങ്ങൾ അറിയപ്പെടുന്നു. ഇവയിൽ സർവ്വസാധാരണമായി 'വിശ്വാസികൾ' എന്ന പേർ പൊതുവായി ഉപയോഗിക്കപ്പെടുന്നു. കാരണം വിശ്വാസം മൂലം കൃപയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്. സ്ത്രീ, പുരുഷഭേദമെന്യേ 'വിശ്വാസികൾ' എന്ന പേരിൽ അറിയപ്പെടുന്ന ദൈവമക്കൾ ഈ ജഡത്തിൽ ആയിരിക്കുമ്പോൾ എങ്ങനെ ജീവിക്കണം എന്ന കാര്യം ദൈവവചനത്തിലൂടെ ഗ്രഹിപ്പാൻ കഴിയും.

ഇതിനാവശ്യമായ ഉപദേശം പുതിയനിയമത്തിൽ നിന്നും നമുക്ക് ലഭിക്കുന്നു. ഉപദേശത്തിൽ നാം സ്ഥിരതയുള്ളവരായിരിക്കണം. പുതിയനിയമത്തിലുള്ള മിക്ക ലേഖനങ്ങളുടെ പ്രാരംഭഭാഗത്ത് ഉപദേശവും അതിനുശേഷം ആ ഉപദേശം അനുസരിച്ച് എപ്രകാരം ജീവിക്കണം എന്ന നിർദ്ദേശവും രേഖപ്പെടുത്തിയിട്ടുണ്ട്. ആകയാൽ ഉപദേശം മാത്രമല്ല; ഉപദേശപ്രകാരമുള്ള ജീവിതവും നമുക്കുണ്ടായിരിക്കേണ്ടതാണ്. ചിലർക്ക് ഉപദേശം മാത്രമേയുള്ളൂ. ജീവിതമില്ല. ഉപദേശിപ്പാൻ പ്രയാസമില്ല. എന്നാൽ ജീവിതമാണ് പ്രയാസം. ശാസ്ത്രിമാരും പരീശന്മാരും പറയുന്നതല്ലാതെ അത് ചെയ്യാത്തവരെപ്പോലെ നാമും ആകരുത് (മത്തായി 23:3). ഈ കാലഘട്ടത്തിൽ പഴയകാലത്തെക്കാളധികം സഭകളിൽ ഉപദേഷ്ടാക്കൻമാർ പെരുകിയിരിക്കുന്നു. എന്നാൽ പ്രവർത്തികൾ തുലോം ചുരുക്കമാണ്. യാക്കോബ് തന്റെ ലേഖനത്തിൽ പറയുന്നത്; 'സഹോദരന്മാരേ, അധികം ശിക്ഷാവിധി വരും എന്നറിഞ്ഞ് നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കന്മാർ ആകരുത്' (യാക്കോബ് 3:1). ചിലർ ധർമ്മോപദേഷ്ടക്കന്മാരായിരിപ്പാൻ ഇച്ഛിക്കുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ വിശ്വാസികൾ സഭയായി കൂടിവരുന്ന ദിവസം അവരുടെ വളരെ വിലപ്പെട്ട സമയം വചനം ശ്രദ്ധിപ്പാനും പഠിപ്പാനും ആഗ്രഹിച്ചിരിക്കുമ്പോൾ ആ സമയം പലരുടെയും പ്രസംഗപരിശീലന കളരിയാക്കുന്നത് ദുഃഖകരമാണ്. നമുക്ക് പ്രസംഗത്തെക്കാൾ ജീവിതമാണ് ഈ കാലങ്ങളിൽ ആവശ്യമായിരിക്കുന്നത്.

മോശെയെക്കുറിച്ച് നാം വായിക്കുന്നതുപോലെ അവൻ മിസ്രയീമ്യരുടെ സകല ജ്ഞാനവും ആഭ്യസിച്ചു. വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്നു (അപ്പൊ. 7:22). നമ്മുടെ സാമർത്ഥ്യം നാം വാക്കിലും പ്രവർത്തിയിലും കാണിക്കണം. വാക്കുകൊണ്ടുള്ള സാമർത്ഥ്യം മാത്രമാകരുത്. എന്നാൽ നമുക്ക് മാതൃകയായിരിക്കേണ്ടത് കർത്താവാണ്. കർത്താവിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്: "അവൻ ചെയ്തും ഉപദേശിച്ചും തുടങ്ങിയ സകലത്തെയും കുറിച്ച്'' എന്നാണ് (അപ്പൊ. 1:1). കർത്താവ് ആദ്യം പ്രവർത്തിക്കയും പിന്നെ ഉപദേശിക്കയും ആയിരുന്നു. നാമും ആ മാതൃകയാണ് സ്വീകരിക്കേണ്ടത്. ആദ്യം പ്രവൃത്തിയിൽ കാണിച്ചശേഷം അത് മറ്റുള്ളവർക്ക് ഉപദേശിച്ചുകൊടുക്കണം. ഒരിക്കൽ ഒരു സഹോദരൻ ഇപ്രകാരം പ്രസംഗിച്ചു; ''ഞാൻ ഈ പറയുന്നതൊന്നും എന്നെക്കൊണ്ട് പ്രവൃത്തിപ്പാൻ കഴികയില്ല. നിങ്ങൾ ചെയ്തുകൊള്ളണം"എന്താ! നല്ല ഉപദേശമല്ലേ. ഇങ്ങനെയുള്ളവർക്ക് ഉപദേശിപ്പാൻ അവകാശമില്ല.

പ്രവൃത്തിയും പ്രസംഗവും ഒരുപോലെ പ്രാധാന്യം ഉള്ളതായിരിക്കണം. ജീവിതവും ഉപദേശവും 2 കാലുകളെപ്പോലെ ഒരുവനെ നടത്തുന്നതായിരിക്കണം. ഏതെങ്കിലും ഒരുവശം വ്യത്യാസമുള്ളതാണെങ്കിൽ, അവൻ നടക്കുമ്പോൾ മുടന്തുള്ളതായി മറ്റുള്ളവർക്ക് തിരിച്ചറിയാൻ കഴിയും. ക്രിസ്തീയജീവിതമാകുന്ന തീവണ്ടി ഓടുന്ന പാളങ്ങൾ രണ്ടും സമാന്തരമായിരിക്കണം (Parallel). ജീവിതവും ഉപദേശവുമാണ് ആ 2 പാളങ്ങൾ. "വാക്കിനാലും നാവിനാലുമല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നെ സ്നേഹിക്കണ''മെന്നു കാണുന്നു (1 യോഹ 3:18). "വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലതും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ചെയ്യണം" കൊലൊ. 3:17). വാക്കും അതോടൊപ്പം പ്രവൃത്തിയും ഒരുപോലെ ഉള്ളവരായിരിക്കണം. ഒരു വിശ്വാസി ഈ ലോകത്തിലായിരിക്കുമ്പോൾ അവനു പ്രവൃത്തിപ്പാൻ ത്രിവിധ മണ്ഡലങ്ങൾ ഉണ്ട്. അവ (1) വിശ്വാസി സഭയിൽ എങ്ങനെയായിരിക്കണം. (2) വിശ്വാസി കുടുംബത്തിൽ എങ്ങനെ ജീവിക്കണം. (3) വിശ്വാസി ലോകത്തിൽ എങ്ങനെയായിരിക്കണം എന്നിവയാണ്. (തുടരും)

## രോഗികൾ

**കുറത്തിക്കാട് :** ഈ സഭയിൽ കർത്താവിനെ ആരാധിക്കുന്ന ജോൺ കുര്യൻ ക്യാൻസർരോഗ ബാധിതനായി ചികിത്സയിലാണ്. അടുത്ത സമയത്ത് മാർത്തോമ്മാ സമുദായത്തിൽനിന്നും കുടുംബമായി വിശ്വാസത്തിലേക്ക് വന്നവരും സഭയിൽ അനുഗ്രഹീതമായ ശുശ്രൂഷ ചെയ്യുന്നവരുമാണ്. ദൈവമക്കൾ ശ്രദ്ധയോടെ പ്രാർത്ഥിക്കണമേ. സഭയ്ക്കുവേണ്ടി ജോർജ്ജ് ചാക്കോ, ജോസ് സൈമൺ.

**ഐവർകാല :** ഐവർകാല രെഹബോത്ത് ബ്രദറൺ സഭയിലുള്ള സഹോ. ആർ സുരേന്ദ്രൻ ഒരു മാനസിക രോഗിയാണ്. അതിന്റെ ചികിത്സ തുടർന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ മഞ്ഞപ്പിത്തം പിടിപെട്ട് തിരുവനന്തപുരം മെഡിക്കൽകോളേജിലെ ചികിത്സയിലുമാണ്. താൻ ഒരു നിർധന സഹോദരനാണ്. സഭയുടെ സഹായത്തിലും സഹകരണത്തിലുമാണ് കഴിയുന്നത്. ദൈവമക്കളുടെ പ്രാർത്ഥനയ്ക്കും ചികിത്സയ്ക്കുള്ള സഹായത്തിനുമായി അപേക്ഷിക്കുന്നു. തനിക്ക് കടമ്പനാട്ട് എസ്. ബി.റ്റി.യിൽ 67076081882 എന്ന ഒരു അക്കൗണ്ടുള്ളതാണ്. സഭയ്ക്കുവേണ്ടി ജെ. ശമുവേൽ, എം. ലൂക്കോസ്, എ.പി. ഡാനിയേൽ. വിലാസം ആർ സുരേന്ദ്രൻ, ആലക്കോട്ട് വീട്, ഐവർകാല നടുവിൽ, പുത്തനമ്പലം പി. ഒ., 691553.

**കോട്ടയം :** വെച്ചൂർ ബ്രദറൺ സഭയിലെ അനാഥയായ അമ്മച്ചി അന്ന (80) പ്രഷർ കൂടി ഒരു വശം തളർന്ന് അത്യാസന്ന നിലയിലായിരിക്കുന്നു. ദൈവമക്കൾ പ്രാർത്ഥിക്കണമേ. എന്ന് സഭയ്ക്കുവേണ്ടി സുവി. എം. സി. ജോൺ.

# വൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രം

യോഹന്നാൻ ഏബ്രഹാം, തിരുവനന്തപുരം

കമ്മ്യൂണിസ്റ്റാശയങ്ങളിൽ വളരെ പരിചിതമായ ഒരു പദമാണ് വൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രം എന്നത്. എന്റെ അറിവ് ശരിയാണങ്കിൽ കമ്മ്യൂണിസ്റ്റ് ആശയത്തിന്റെ പ്രണേതാവായ കാറൽമാക്സ് ആണ് ഈ പ്രത്യയശാസ്ത്രത്തിന്റെ ഉപജ്ഞാതാവ്. തിയറിയിൽ ഇതുണ്ടെങ്കിലും പ്രായോഗികതയിൽ കമ്മ്യൂണിസ്റ്റുണികളിൽ ഇത് വിരളമാണ്. മാത്രമല്ല പാവപ്പെട്ട തൊഴിലാളിയുടെ വായിലൊതുങ്ങാത്ത ഒരു കീറാമുട്ടിയുമാണ്.

എന്നാൽ ചരിത്രം പരിശോധിച്ചാൽ ഈ പ്രത്യയശാസ്ത്രത്തിന്റെ യഥാർത്ഥ പ്രണേതാവ് ലോകരക്ഷകനായി ചരിത്രത്തിൽ അവതരിച്ച ദൈവമായ യേശുക്രിസ്തുവാണ്. ഈ ശ്രേഷ്ഠഗുരുവിന്റെ പ്രഭാഷണങ്ങളിൽ ഏറ്റം പ്രസിദ്ധമാണ് ഗിരിപ്രഭാഷണം. ഈ പഠിപ്പിക്കലിൽ ഉടനീളം ഈ വൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രം കാണാവുന്നതാണ്.

യേശുക്രസ്തു തന്റെ ശിഷ്യന്മാരെ അരികിൽ വിളിച്ച് ഈ ലാവണ്യമൊഴികൾ കേൾപ്പിച്ചതും പഠിപ്പിച്ചതും ഒരു മലമുകളിൽ വെച്ചായിരുന്നു. അതിനാലാണ് ഇതിന് ഗിരിപ്രഭാഷണം എന്ന് പറയുന്നത്. "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ സ്വർഗ്ഗരാജ്യം അവർക്കുള്ളത്." ദരിദ്രന്മാർ എങ്ങനെയാണ് ഭാഗ്യവാന്മാരാകുന്നത്? അവർക്ക് എങ്ങനെ സ്വർഗ്ഗരാജ്യം ലഭിക്കും. ദാരിദ്ര്യവും ഭാഗ്യവും വൈരുദ്ധ്യങ്ങളാണ്. എന്നാൽ അതിന്റെ സിദ്ധി സ്വർഗ്ഗരാജ്യത്തിന്റെ ലഭ്യതയാണ്. ദാരിദ്ര്യ ശുഷ്കത ആത്മാവിലാണ്. അപ്രകാരമുള്ളവർ ആത്മജ്ഞാന ലഭ്യതയ്ക്കായി ദാഹിക്കും. ദാഹിക്കുന്നവർ എന്റെ അടുക്കൽ വരട്ടെ, ജീവജലം സമൃദ്ധിയായി കുടിക്കട്ടെ എന്ന് യേശുക്രിസ്തു പറഞ്ഞിരിക്കുന്നു. യേശുക്രിസ്തു പറഞ്ഞ വൈരുദ്ധ്യാത്മക പ്രത്യയശാസ്ത്രം താല്ക്കാലികമായ ഭൗതീകതയല്ല. ശാശ്വതമായ സ്വർഗ്ഗീയ സൗഭാഗ്യമാണ്. ഇത് ആത്മദരിദ്രന്മാർക്ക് സംഭാവന ചെയ്യുവാനായിട്ടാണ് ദൈവപുത്രനായ ക്രിസ്തു ലോകത്തിൽ വന്നത്. ആത്മീകമായ ദാരിദ്രികത ആത്മീക സമ്പന്നതയിലേക്കുള്ള ചവിട്ടുപടിയാണ്.

ഈ അടുത്ത കാലത്ത് വന്ന ഒരു പത്രവാർത്തയിൽ സേലത്തുകാരനായ ഒരു വൃദ്ധയാചകനെക്കുറിച്ച് പരാമർശമുണ്ടായിരുന്നു. കീറിപ്പറിഞ്ഞ മുഷിഞ്ഞ വസ്ത്രമണിഞ്ഞ് കേവലം ദരിദ്രനാരായണനായ ആ മനുഷ്യന്റെ മാറാപ്പ് പരിശോധിച്ചപ്പോൾ ലക്ഷങ്ങളുടെ ബാങ്ക് നിക്ഷേപത്തിന്റെ പാസ്സ് ബുക്കും 60,000 ത്തിലധികം രൂപയും അതിലുണ്ടായിരുന്നു. ഇത്രയും ധനം തന്റെ കയ്യിലുണ്ടായിരുന്നിട്ടും താൻ ദരിദ്രനായ ഒരു യാചകനായിട്ടാണ് ജീവിച്ചത്. ഇന്ന് ലോകത്തിലെ ഭൂരിപക്ഷം ആളുകളും സൗജന്യമായ ദൈവം കൃപയാൽ നൽകിയിരിക്കുന്ന സ്വർഗ്ഗീയ സൗഭാഗ്യങ്ങളെ അവഗണിച്ച് ആത്മാവിൽ ദരിദ്രരായി ദുരിതം അനുഭവിക്കുകയാണ്. എന്നാൽ ഈ യാചകന്റെ ഭൗതീക സമ്പത്ത് ഒന്നും ശാശ്വതമല്ല. ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാരാണ്. എന്തെന്നാൽ സ്വർഗ്ഗരാജ്യം അവർക്കുള്ളതാണ്. കണ്ണുനീരില്ലാത്ത വേദനയില്ലാത്ത മരണമില്ലാത്ത ക്ഷയമോ കോട്ടമോ മാലിന്യമോ ഇല്ലാത്ത സ്വർഗ്ഗീയ നന്മകൾക്ക് ഉടമയായിത്തീരാൻ ആർക്കും സാധിക്കുന്നതാണ്. അതാണ് വൈരുദ്ധ്യാത്മകമായ പ്രത്യയശാസ്ത്രം.

ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ. എന്തുകൊണ്ട്? അവർക്ക് ആശ്വാസം ലഭിക്കും. വിശക്കുന്നവർക്കു മാത്രമേ നിറവിന്റെ ആസ്വാദ്യത അനുഭവിപ്പാൻ കഴിയൂ. ശാശ്വതമായ ശാന്തിയും സമാധാനവും അനുഭവിപ്പാൻ ഈ ലോകത്തിൽ ദുഃഖിക്കേണ്ടി വരുന്നതാണ്. എന്നാൽ നിരാശപ്പെടേണ്ട. ആ ദുഃഖത്തെ ആശ്വാസത്തിന്റെ ഭാഗ്യപദവിയിലേക്ക് നയിക്കുവാൻ ദൈവത്തിന് സാധ്യമാണ്.

ലോകപ്രകാരം ചിന്തിച്ചാൽ വാശിയും വൈരാഗ്യവും ക്രൂരതയും ഉപയോഗിച്ച് സ്വാർത്ഥ ലക്ഷ്യത്തിനായി ഭൂമിയെ വെട്ടിപ്പിടിക്കുന്നതാണ് മാനുഷീക രീതി. മഹാനായ അലക്സാണ്ടറും നാസി നേതാവ് ഹിറ്റ്ലറും മുസ്സോളിനിയും തങ്ങളുടെ സ്ഥാനമഹിമയ്ക്കായി യുദ്ധം ചെയ്ത് ആയിരങ്ങളെ കൊല ചെയ്തു. എന്നിട്ട് അവരൊക്കെ നേടിയത് അനുഭവിച്ചുവോ. അലക്സാണ്ടർ 33 വയസ്സുള്ളപ്പോൾ ഒരു കൊതുക് കടിച്ച് ജ്വരം ബാധിച്ച് കാലയവനികയ്ക്കപ്പുറത്തേയ്ക്കു പോയി. ഹിറ്റ്ലർ ആത്മഹത്യ ചെയ്യുകയായിരുന്നു എന്നാണറിയുന്നത്.

എന്നാൽ യേശുക്രിസ്തു തിരുവായ് മൊഴിഞ്ഞത് സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമാക്കും. സാധാരണചിന്തയിൽ ഇത് വൈരുദ്ധ്യമാണ്. ലോകം കണ്ട ജനനേതാക്കളിൽ ഒന്നാമൻ മോശെയായിരുന്നു. ഏകദേശം 20,00,000 ജനതയെ ശക്തനായ ഫറവോൻ രാജാവിന്റെ അടിമത്തത്തിൽ നിന്നും വിടുവിച്ച് ചെങ്കടലും കടത്തി. ആഹാരവും വെള്ളവും ലഭ്യമല്ലാതിരുന്ന മരുഭൂമിയിലൂടെ 40 വർഷം നടത്തി. ഈ മോശെ ലോകത്തിലുള്ള സകല മനുഷ്യരിലും അതി സൗമ്യനായിരുന്നു. ഇന്ന് സൗമ്യതയോടെ

സാഹസം അനുഭവിക്കുന്നവർ ക്രിസ്തുവിനോടുകൂടി ഈ ഭൂമി അവകാശമാക്കി അവനോടുകൂടി വാഴുന്നതാണ്. അദ്ധ്വാനിക്കുന്നവരേയും ഭാരം ചുമക്കുന്നവരേയും തന്റെ അടുക്കലേക്ക് ആഹ്വാനം ചെയ്ത ക്രിസ്തു പറഞ്ഞത് ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം ലഭിക്കും (മത്തായി 11:28-29).

നീതിക്ക് വിശന്ന് ദാഹിക്കുന്നവർ എങ്ങനെയാണ് ഭാഗ്യവാന്മാരാകുന്നത്? പാപം ചെയ്ത് ദൈവനീതിയെ നിരാകരിച്ച് ജീവിക്കുന്ന സമൂഹത്തിൽ നീതിക്കായി ദാഹിച്ചാൽ വിശന്നാൽ തൃപ്തി വരുത്തുന്നവനാണ് ദൈവം. ക്രിസ്തുയേശുവിലെ വിശ്വാസത്താൽ മാത്രമാണ് ഒരാൾ ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നത്. പാപത്തിന്റെ ശിക്ഷയായ മരണം ക്രൂശിൽ വരിച്ച് പാപികളായ മനുഷ്യവർഗ്ഗത്തിനായി ദൈവനീതിയെ തൃപ്തിപ്പെടുത്തിയ ദൈവപുത്രനിലുള്ള വിശ്വാസത്താൽ ദൈവസന്നിധിയിൽ ഏതു പാപിക്കും ഒരു പ്രവൃത്തിയും കൂടാതെ നീതീകരിക്കപ്പെടുവാൻ കഴിയും. അതിന് മനപ്പൂർവമായി നാം ദാഹിക്കണം, വിശക്കണം. എങ്കിൽ ദൈവത്തോട് സമാധാനവും ജീവിതത്തിൽ സംതൃപ്തിയും പ്രാപിപ്പാൻകഴിയുന്നതാണ്. അനീതി ചെയ്യുന്നവൻ, അതിനെ താലോലിക്കുന്നവൻ അനീതിയും അന്യായവും അനുഭവിച്ച് നശിക്കുന്നതാണ്. അവർ വെള്ളത്തിലെ നീർക്കുമിളകൾ മാത്രമാണ്.

അശുദ്ധിയും പാപവും നിറഞ്ഞ ലോകത്തിൽ ജീവിക്കുന്ന എല്ലാ മനുഷ്യരുടെയും ഹൃദയം തുറന്ന ശവക്കുഴിയാണ്. കന്മഷം നിറഞ്ഞ വിഷലിപ്തമായ ഹൃദയം എന്നാൽ അവർ തങ്ങളുടെ പാപത്തെക്കുറിച്ചും അശുദ്ധിയെക്കുറിച്ചും പശ്ചാത്തപിച്ച് മാനസാന്തരപ്പെട്ടാൽ യേശുവിന്റെ രക്തം അവരുടെ സകല പാപവും പോക്കി അവരെ ശുദ്ധീകരിക്കുന്നതാണ് (1 യോഹ. 1:7). പരിശുദ്ധനായ ദൈവത്തെ കാണുവാൻ ഈ ശുദ്ധീകരണം അത്യന്താപേക്ഷിതമാണ്.

ദൈവം അരൂപിയും അദൃശ്യനും അപ്രമേയനുമാണ്. ആ ദൈവത്തെ കാണുന്നത് ഹൃദയ ദൃഷ്ടികളാലാണ്. പാപാന്ധകാരം നിറഞ്ഞ ഹൃദയത്തിലേക്ക് ദൈവീക സത്യവെളിച്ചം പ്രവേശിച്ചാൽ മാത്രമേ നമ്മുടെ ഹൃദയദൃഷ്ടി പ്രകാശിക്കുകയുള്ളൂ. ഞാനും പിതാവും ഒന്നാകുന്നു. എന്നെക്കണ്ടവൻ പിതാവായ ദൈവത്തെ കണ്ടിരിക്കുന്നു. ഇത് യേശുക്രിസ്തു പറഞ്ഞതാണ്. യേശുക്രിസ്തു ദൈവതേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയുമാണ്. അദൃശ്യനായ ദൈവത്തിന്റെ പ്രതിമയായി വന്ന യേശുക്രിസ്തുവിലൂടെ മാത്രമേ സത്യദൈവത്തെ ദർശിപ്പാൻ കഴിയൂ. ദൈവത്തെ കാണുവാനുള്ള ഉൽക്കടമായ തൃഷ്ണ എല്ലാ മനുഷ്യർക്കും ഉണ്ട്. അവർ ദൈവം ഇന്നു തന്ന ഈ സത്യവഴി പരിഗണിക്കാതെ പുണ്യസ്ഥലങ്ങളിലും മിഥ്യയായ ദൈവങ്ങളിലും ആശ്രയിക്കുകയാണ്. ഈ അയഥാർത്ഥങ്ങളിൽ തൃപ്തിയടയുവാൻ വ്യാമോഹിക്കുകയാണ്. മാതൃസ്തനങ്ങളിൽ നിന്നും മുലപ്പാൽ കുടിച്ച് തൃപ്തി വരുത്തേണ്ട പൈതങ്ങൾ സ്വന്തം കൈവിരൽ ഉറിഞ്ചി ഉറങ്ങുന്നതുപോലെയാണ് ഇപ്രകാരമുള്ളവർ. എന്നാൽ സത്യദൈവവും നിത്യജീവനുമായ ദൈവത്തെ കാണുവാൻ യേശുവിന്റെ രക്തത്താൽ കഴുകി ശുദ്ധീകരണം പ്രാപിച്ചാൽ മാത്രം മതി. അനുഭവ വെളിച്ചത്തിൽ പറയുന്ന പരമ സത്യമാണിത്.

കരുണയുള്ളവരാണ് ഭാഗ്യവാന്മാർ. അന്യരോടും ജനസമൂഹത്തോടും കരുണയില്ലാതെ പെരുമാറുന്ന ഒരു ജന മദ്ധ്യത്തിലാണ് നാം ജീവിക്കുന്നത്. ബസിടിച്ച് നടുറോഡിൽ പിടഞ്ഞുവീഴുന്ന സഹജീവിയെ രക്തം വാർന്നൊലിച്ച് ദാരുണമായ സ്ഥിതിയിൽ ആശുപത്രിയിലെത്തിക്കാൻ വിസമ്മതിക്കുന്നവർ കരുണയില്ലാത്തവരാണ്. സ്വാർത്ഥപരരാണ്. തങ്ങൾക്ക് മറ്റുള്ളവരുടെ കരുണയോ ദയയോ ആവശ്യമില്ല എന്ന് ചിന്തിക്കുന്നവർ. എന്നാൽ അവർക്ക് ദാരുണമായ ഈ അവസ്ഥ നേരിടുമ്പോൾ അവർക്ക് കരുണ ലഭിക്കയില്ല. കരുണ കാണിക്കുകയും തന്റെ പ്രവൃത്തിയിൽ അതു വെളിപ്പെടുത്തുകയും ചെയ്യുന്നവർക്ക് കരുണ ലഭിക്കുന്നതാണ് (തുടരും)

## എസ്.പി.എസ്. ഫണ്ട് പ്രവർത്തനം

**ശബരിമാങ്കൽ :** എസ്.പി.എസ്. ഫണ്ടു സ്ഥലം സഭകളുടെ സുവിശേഷകന്മാർ ഒരുമിച്ചുള്ള ഏകദിന സുവിശേഷ പ്രവർത്തനം പുലയകുന്ന് മോഡിയിൽ ബ്രദറൺ സഭയുടെ സഹകരണത്തിൽ 15-9-09 ന് 50 സുവിശേഷകന്മാർ സഹകരിച്ചു 126 ഭവനങ്ങളിൽ സുവിശേഷം അറിയിക്കുവാനിടയായി. ഉച്ചയ്ക്കുശേഷം വിവിധ വിഷയങ്ങളെ ഓർത്തു പ്രാർത്ഥിക്കുന്നതിനും 4 മണിമുതൽ നെല്ലാട് ജംഗ്ഷനിൽ പരസ്യയോഗവും നടത്തി. ഭവനസന്ദർശനം മൂലം 3 പേർ കർത്താവിനെ രക്ഷിതാവായി സ്വീകരിച്ചു. ഇവിടെ സുവി. അലക്സാണ്ടർ ജോൺ പ്രവർത്തിക്കുന്നു. ഈ പ്രവർത്തനം സ്ഥലം സഭയ്ക്ക് അനുഗ്രഹകരമായി തീരുവാൻ പ്രാർത്ഥന അഭ്യർത്ഥിച്ചുകൊള്ളുന്നു. എന്ന് സി.പി. അനിയൻ സെക്രട്ടറി, ഈട്ടിക്കൽ കുഞ്ഞുമോൻ ജോ. സെക്രട്ടറി.

# ഉത്തരവാദിത്തം

വി. എം. ജോൺ, ചേർത്തയ്ക്കൽ

അതുകൊണ്ട് മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുത്, ദൈവേഷ്ടം ചെയ്തു വാഗ്ദത്തം പ്രാപിപ്പാൻ സഹിഷ്ണത നിങ്ങൾക്കാവശ്യം (എബ്രാ.10:35,36).

ക്രിസ്തീയ നേതാക്കൾക്ക് നയിക്കേണ്ടവരോട് വലിയ ഉത്തരവാദിത്തം ഉണ്ട്. അതിലൊക്കെ ഉപരിയായി വിളിച്ചവനോടു ഏറെ ഉത്തരവാദിത്തം നമുക്കുണ്ട്. കാരണം നമ്മെ വിളിച്ചവൻ ദൈവം തന്നെ. സഭയെ "ക്രിസ്തുവിന്റെ മണവാട്ടി" എന്ന് സംബോധന ചെയ്യാറുണ്ട്. ഇടയന്മാർക്കും, നേതാക്കൾക്കും മണവാട്ടി സഭയെ പരിപാലിക്കാനുള്ള ഉത്തരവാദിത്തം ഉള്ളവരാണ്. ഒരിക്കൽ മണവാട്ടി സഭയിലേക്ക് ക്രിസ്തു തിരിച്ചുവരും. "നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനെ" എന്ന് അവൻ നമ്മോടു പറയുമെന്ന് പ്രതീക്ഷിക്കാം.

ഇത്രവലിയ ഉത്തരവാദിത്തം നിറവേറ്റുവാൻ കഴിവുള്ളവരായി തീരേണ്ടതിന് 3 പ്രധാന കാര്യങ്ങൾ ആവശ്യമാണ്. നമുക്ക് ദൈവവുമായുള്ള ദൃഢവിശ്വാസം വേണം, നമ്മുടെ വിളയെക്കുറിച്ച് ദൃഢവിശ്വാസം വേണം. ക്രിസ്തീയ വേലയെക്കുറിച്ചുള്ള ദൃഢവിശ്വാസം വേണം. ഇവ ഓരോന്നും ആത്മീയമാണെന്നതാണ് പ്രത്യേകത. ആത്മീക നേതാക്കളും മറ്റ് ഇതര നേതാക്കളും തമ്മിൽ വലിയ വ്യത്യാസം ഉണ്ട്. ക്രിസ്തീയ ശുശ്രൂഷകന്മാരുടെ വിളി മനുഷ്യന്റെ സ്വന്ത അഭിലാഷത്താൽ അല്ല. പിന്നയോ അതു ദൈവ ത്തിൽ നിന്നുള്ള നിയോഗമാണ്. കാരണം അത് ഒരു തൊഴിലല്ല പിന്നയോ ഒരു വിളിയാണ്.

ആ വിളി നമ്മെ ദൈവവേലക്കു യോഗ്യരാക്കി തീർക്കുന്നു. അപ്പൊ.പൗലൊസ് ഇങ്ങനെ പറഞ്ഞു. "എനിക്ക് ശക്തി പകരുന്ന ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവ് എന്നെ വിശ്വസ്തൻ എന്നു എണ്ണി ശുശ്രൂഷക്കു ആക്കിയതുക്കൊണ്ട് ഞാൻ അവനെ സ്തുതിക്കുന്നു" (1തിമൊ.1:12). ദൈവീക വിളി നമ്മുടെ വാസനയോ കഴിവുകളെയോ ആശ്രയിച്ചല്ല പിന്നയോ, നമ്മളിൽ ദൈവം കാണുന്ന വിശ്വസ്തതയെ ആശ്രയിച്ചാണിരിക്കുന്നത്. അത് ഒരു സംഘടനയോടോ, സഭാ വിഭാഗത്തോടോ, വ്യക്തിയോടോ ഉള്ള വിശ്വസ്തതയല്ല. ദൈവം നമ്മോട് വിശ്വസ്തനായിരിക്കുന്നതിനാൽ നാമും വിശ്വസ്തരായിരിക്കാം. നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തൻ ആകുന്നു; അവൻ അതു നിവർത്തിക്കും (1 തെസ്സ.5:24). ഫലപ്രദമായ ക്രിസ്തീയ വേലയുടെ താക്കോലാണ് ദൃഢവിശ്വാസം.

ദൈവത്തിന്റെ ഉദ്ദേശ്യം എന്തെന്ന് അറിയുമ്പോൾ മാത്രമെ ആത്മവിശ്വാസം ലഭ്യമാകൂ, ഉദ്ദേശ്യം പ്രവർത്തികൾക്കു പ്രചോദനം നൽകുന്നു. നടപടി ആ പ്രചോദനത്തെ പൂർത്തീകരി ക്കുന്നു.

ക്രിസ്തുയേശുവിൽ കൂടെ പരിശുദ്ധാത്മാവിന്റെ സഹായത്താൽ അവന്റെ മക്കളായി നടക്കുക എന്നതാണ് നമ്മുടെ ഉദ്ദേശ്യം. നാം ദൈവത്തിന്റെ മക്കൾ എന്നു ആത്മാവു താനും നമ്മുടെ ആത്മാവോടു സാക്ഷ്യം പറയുന്നു. നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു (റോമർ. 8:16,17). എങ്കിൽ നാം ക്രിസ്തുവിനെ പ്രസാദിപ്പിക്കുന്ന പ്രവർത്തികൾ ചെയ്യണം. ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു (റോമർ 8:14). നാം മക്കളെ സ്നേഹിക്കുന്നത് അവർ നമ്മുടെ മക്കളാകുന്നതു കൊണ്ടാണ്. അല്ലാതെ അവർ നമുക്കായി എന്തുചെയ്യും എന്നതു കൊണ്ടല്ല, എന്നാൽ അവരുടെ നൈപുണ്യങ്ങൾക്ക് അതിന്റെതായ സ്ഥാനമുണ്ട്. പക്ഷെ അതു നമ്മുടെ മക്കളുടെ മൂല്യം മാറ്റുന്നില്ല.

അതുപോലെ നാം ദൈവത്തിന്റെ ഉദ്ദേശ്യം മനസ്സിലാക്കുന്നതുവരെ, അവനുമായുള്ള ബന്ധത്തിലും നമ്മെ വിളിച്ചിരിക്കുന്ന ക്രിസ്തീയ വേലയിലും ആത്മവിശ്വാസം ലഭിക്കുകയില്ല. ദൈവത്തിന്റെ മകനെപ്പോലെ നാം അവന്റെ കൂടെ നടക്കുക എന്നതാണ് അവന്റെ ഉദ്ദേശ്യം. പുത്രത്വം എന്നതു സമ്പാദിക്കുവാൻ കഴിയുന്നതല്ല. യേശുക്രിസ്തുവിലെ വിശ്വാസത്താൽ നാം ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു (ഗലാ.3:26). ആദിമുതൽതന്നെ ദൈവത്തിന്റെ മക്കൾ ദൈവത്തെ ആരാധിപ്പാനും അവനുമായി കൂട്ടാളിത്വം പങ്കിടുവാനുമായി നമ്മെ സൃഷ്ടിച്ചു. (ഉൽപത്തി. 3:9, സങ്കീ.149:4, യോഹ.4:23, റോമർ 12:1). ക്രിസ്തുവിൽ കൂടെയുള്ള പുത്രത്വത്തെ കൂടാതെ ദൈവത്തെ ആരാധിക്കുന്നതിന് സാദ്ധ്യമല്ല, സഹോദരന്മാരെ, ഞാൻ ദൈവത്തിന്റെ മനസ്സലിവോർപ്പിച്ച് നിങ്ങളെ പ്രബോധിപ്പിക്കുന്നതു നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദമുള്ള യാഗമായി സമർപ്പിപ്പിൻ (റോമർ 12:1). സാധാരണയായി യാഗവസ്തു മരിച്ചതായിരിക്കും. പക്ഷെ നാം ജീവനുള്ള യാഗമായി സമർപ്പിക്കപ്പെടേണം. ജീവനുള്ള യാഗത്തിൽ സ്വേചരത മാറി ദൈവേഷ്ടം നിറവേറുന്നു. ദൈവേഷ്ടത്തിനായി യാഗമായി

# നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ (ഫിലി. 4:5)

ജോർജജ് സി. വർഗീസ്, തിരുവനന്തപുരം

1. നിന്റെ സൗമ്യത എന്നെ വലിയവനാക്കിയിരിക്കുന്നു (സങ്കീ. 18:35).
2. സൗമ്യതയുള്ളവരെ അവൻ ന്യായത്തിൽ നടത്തുന്നു. സൗമ്യതയുള്ളർക്ക് തന്റെ വഴി പഠിപ്പിച്ചുകൊടുക്കുന്നു. . . . യഹോവാ ഭക്തനായ പുരുഷൻ ആർ? അവൻ തിരഞ്ഞെടുക്കേണ്ടുന്ന വഴി അവന് കാണിച്ചു കൊടുക്കും; അവൻ സുഖത്തോടെ വസിക്കും (സങ്കീ. 25:9-13).
3. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പീൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും (മത്തായി 11:29)

വിശ്വാസികളായ നമ്മെ ഓരോരുത്തരെയും ഈ ലോകത്തിൽ നമ്മുടെ കർത്താവിന്റെ മക്കളാക്കി - കാൺമീൻ നാം ദൈവമക്കൾ - ഈ ഭൂമിയിൽ വിവിധ ഇടങ്ങളിലായി, ഭൂമിയുടെ ഉപ്പായും ലോകത്തിന്റെ വെളിച്ചവുമാക്കി വെച്ചിരിക്കുകയാണല്ലോ. മാത്രമല്ല നാം കർത്താവിന്റെ പത്രങ്ങളുമാണ്. കർത്താവിനെ മറ്റുള്ളവർ നമ്മിൽക്കൂടി വായിച്ചറിയുന്ന പത്രങ്ങൾ. ഈ പത്രങ്ങളിൽക്കൂടി വായിച്ചറിയണം എന്ന് കർത്താവാഗ്രഹിക്കുന്നതിൽ പ്രധാനമായ ഒരു കാര്യം നമ്മുടെ സൗമ്യതയാണ്. “നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ”. പല വിധത്തിലുള്ള ലോകവ്യാപാരങ്ങളിൽ ഏർപ്പെട്ട് ജീവിക്കുന്ന നമ്മുടെ ജീവിതങ്ങളിൽക്കൂടെ ഈ സൗമ്യതയുടെ മുഖം മറ്റുള്ളവർ ദർശിക്കുന്നുണ്ടോ? ഒരു സ്വയ പരിശോധന ആവശ്യമുണ്ട്.

മത്തായിയുടെ സുവിശേഷത്തിൽനിന്ന് മേൽ ഉദ്ധരിച്ചിരിക്കുന്ന വാക്യത്തിൽക്കൂടെ സേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന നമ്മൾ ഓരോരുത്തരോടും കർത്താവ് കല്പിക്കുന്നു “എന്റെ നുകം എടുക്കുക” ഒരു വ്യക്തിയുടെ സമ്പൂർണ്ണ നിയന്ത്രണം അവനെ ഏല്പിക്കുക, അവന്റെ ഹിതത്തിന് പൂർണ്ണമായി സമർപ്പിക്കുക എന്നീ ആശയങ്ങളാണ് അതിൽ ഉൾക്കൊള്ളുന്നത് (റോമർ 12:1,2). എന്നോടു പഠിക്കുക എന്ന് കർത്താവ് കല്പിക്കുമ്പോൾ നാം എന്താണ് മനസ്സിലാക്കേണ്ടത്? നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളുടേയും കർത്തൃത്വം അവനെ ഏല്പിക്കുമ്പോൾ, അവൻ നമ്മെ അവന്റെ വഴികളിൽ പരിശീലിപ്പിക്കുന്നു. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകയാൽ എന്ന് കർത്താവ് ഇവിടെ പറയുമ്പോൾ, പരീശന്മാരുടെ ഉന്നതഭാവത്തിനും പരുക്കൻ രീതികൾക്കും എതിരെ കർത്താവ് വിരൽചൂണ്ടുകയാണ്. ഒരു യഥാർത്ഥ ഗുരു സൗമ്യതയും താഴ്മയും ഉള്ളവനായിരിക്കും. അവന്റെ നുകം ഏൽക്കുമ്പോഴാണ് നാം താഴ്മ ധരിക്കുവാൻ ഒരുക്കപ്പെടുന്നത്. അപ്പോഴാണ് നമ്മുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്താൻ കഴിയുന്നതും. ഇവിടെ ഉദ്ദേശിക്കുന്ന ആശ്വാസം മനസാക്ഷിയിലെ ആശ്വാസമല്ല. പകരം ദൈവമുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും താഴ്മ ധരിക്കുന്നതു മൂലം ഹൃദയത്തിൽ അനുഭവവേദ്യമാകുന്ന ആശ്വാസമാണ്. മഹാനാകുവാൻ പരിശ്രമിക്കാതെ ദൈവീക ശുശ്രൂഷകളിൽ ആത്മാർത്ഥമായി മുഴുകുമ്പോൾ മനസിൽ നിറയുന്ന ആശ്വാസമാണ് അത് (വില്യം മാക്ഡൊണാൾഡ്). എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവുമാണ് എന്ന് കർത്താവ് പഠിപ്പിക്കുമ്പോൾ ഇവിടെയും പരീശന്മാരുടെ ജീവിത രീതിയുടെ കടകവിരുദ്ധമായ

അർപ്പിക്കുന്ന ജീവിതം അവന്റെ ആരാധനയാണ്. ക്രിസ്തുവുമായി കൂട്ടായ്മ പുലർത്തുന്നതിനും കൂടെ നമ്മെ വിളിച്ചിരിക്കുന്നു.

ക്രിസ്തുയേശുവിന്റെ മരണവും, ജീവിതവും പുനരുദ്ധാനവും നമ്മോടുള്ള പിതാവിന്റെ സ്നേഹത്തെ കാണിക്കുന്നു. ക്രിസ്തു പിതാവിന്റെ പ്രതിബിംബത്തെ വെളിപ്പെടുത്തുന്ന തുപോലെ സുവിശേകന്മാരും മൂപ്പന്മാരും ഇതിനായി വിളിക്കപ്പെട്ടിരിക്കുന്നു. നമ്മെ ഏൽപ്പിച്ചി രിക്കുന്ന ചുമതല നമ്മിൽ ഉറപ്പാകുമ്പോൾ, നമ്മെകുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശ്യം നമ്മിൽ നിറവേറുന്നു. നമ്മെ വിളിച്ചിരിക്കുന്നുവെന്നുള്ള ആത്മവിശ്വാസം ഉണ്ടെങ്കിൽ, ദൈവം നിങ്ങളെ പരിശുദ്ധാത്മാവുകൊണ്ട് ശക്തീകരിക്കും. പുതിയനിയമ വിശ്വാസികളായ നാം ആത്മീക യാത്രക്കാരണെന്നും ആത്മീയ ജീവികളാണെന്നും മറക്കാതിരിക്കണം. ആ സാഹചര്യത്തിൽ നാം എപ്പോഴും ആത്മാവിനെ അനുസരിച്ച് നടക്കേണ്ട വരാണ്. (റോമർ 8:1,5,6; ഗലാ.5:16). വേദപുസ്തകം വായിക്കുമ്പോഴോ പ്രാർത്ഥിക്കുമ്പോഴോ മാത്രമല്ല നാം ആത്മീയരാകുന്നത് വിശ്വാസികളായ നാം എപ്പോഴും ആത്മീയരാണ്. (1 കൊരി.10:31; കൊലൊ.3:17). അതിനാൽ, ക്രിസ്തുവിലുള്ള നിങ്ങളുടെ ഉറച്ച അടിസ്ഥാനത്താൽ, നിങ്ങൾ ആത്മവിശ്വാസമുള്ള വരാണെന്ന ഉത്തരവാദത്തോടു കൂടെ നടക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. ●

ജീവിതശൈലിയാണ് ചൂണ്ടി കാണിക്കുന്നത്. എന്റെ ചുമട് ലഘുവാണ് എന്നു വെച്ചാൽ, ക്രിസ്തീയ ജീവിതത്തിൽ പ്രശ്നങ്ങളും പരിശോധനകളും ഹൃദയവേദനകളും ഇല്ല എന്നല്ല, അതിന്റെ അർത്ഥം. അവയെ നാം ചുമക്കേണ്ടി വരികയില്ല എന്നാണ്. ആവശ്യഘട്ടങ്ങളിലെല്ലാം സമൃദ്ധമായ ദൈവകൃപ പകരുന്ന ഒരുവനോട് കൂടെ നുകത്തിൽ ബന്ധിച്ചിരിക്കുകയാണ്. അവനെ സേവിക്കുക എന്നത് അടിമത്വമല്ല, പൂർണ്ണ സ്വാതന്ത്ര്യമാണ്. അങ്ങനെയെങ്കിൽ നമുക്ക് നേരിടേണ്ടിവരുന്ന പരിശോധനകളാകട്ടെ ബഹുമാനമോ അപമാനമോ ആകട്ടെ, അത് നമ്മോടുകൂടെ കർത്താവ് പങ്കിട്ടുകൊണ്ടിരിക്കുകയാണ്. "സ്വയത്തിന്റെ ഭാരമേറിയ കഴുത്ത് ഉപേക്ഷിച്ച് ക്രിസ്തുവിന്റെ ആശ്വാസ നുകം സ്വീകരിക്ക എന്നതാണ് ക്രിസ്തീയ ജീവിതത്തിൽ സന്തോഷവും വിജയവും നേടുവാനുള്ള രഹസ്യം (ജെ.എച്ച്. ജോവറ്റ്).

**ക്രിസ്തു നമ്മുടെ മാതൃക**

സൗമ്യതയുടെ മൂർത്തീഭാവമാണ് കർത്താവായ യേശുക്രിസ്തു. യഥാർത്ഥത്തിൽ സൗമ്യത എന്നു പറഞ്ഞാൽ എന്താണ്? പ്രകോപിതമായി തീരാവുന്ന സാഹചര്യത്തിലും ശാന്തമായി പ്രതികരിക്കുന്നതാണ് സൗമ്യത. വ്യക്തി ജീവിതത്തിലും സഭാ ജീവിതത്തിലും ഓഫീസ് ജീവിതത്തിലുമൊക്കെ പ്രകോപനങ്ങളുടെ മദ്ധ്യത്തിൽ വളരെ സൗമ്യമായി കഴിഞ്ഞ കാലങ്ങളിൽ നമുക്ക് നിൽക്കാൻ കഴിഞ്ഞത് ദൈവം കൃപ ചെയ്തതിനാൽ മാത്രമാണ്. കർത്താവ് അതിന് നമുക്കൊരു മാതൃക വെച്ചേച്ചു പോയത് നാം വായിക്കുന്നത് "തന്നെ ശകാരിച്ചിട്ട് പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ട് ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേൽപ്പിക്കുകയത്രേ ചെയ്തത്" (1 പത്രൊസ് 2:23). അന്യായമായി കഷ്ടം സഹിക്കുമ്പോഴും ദൈവം തന്നെ കഷ്ടപ്പെടുത്തുന്നവരെ ശിക്ഷിച്ചുകൊള്ളും എന്നോ തന്നെ ഇപ്പോൾ ക്രൂശിച്ചാലും 3 ദിവസത്തിനു ശേഷം താൻ ഉയിർത്തെഴുന്നേറ്റ് അവരെ ലജ്ജിപ്പിക്കുമെന്നോ അവൻ ഭീഷണം പറഞ്ഞില്ല. തന്നത്താൻ ന്യായീകരിക്കാൻ യാതൊരു ശ്രമവും അവൻ ചെയ്തില്ല. ഉയിർത്തെഴുന്നേറ്റശേഷം 'നിങ്ങൾ എന്നെ ക്രൂശിച്ചിട്ടും എന്തായി? ഇതാ ഞാൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു' എന്നു പറഞ്ഞ് പീലാത്തോസിന്റെ മുമ്പിലോ തന്റെ ശത്രുക്കളുടെ മുമ്പിലോ യേശു പ്രത്യക്ഷനായില്ല. എല്ലാം ന്യായമായി വിധിക്കുന്നവങ്കൽ ഭരമേല്പിച്ചു. എത്ര നല്ല മാതൃക.

പേരു പറയപ്പെടാത്ത ഒരു വ്യക്തി ഇപ്രകാരം എഴുതി "ചെയ്യാത്ത തെറ്റിനെ കുറ്റപ്പെടുത്തുമ്പോൾ നിശബ്ദമായിരിക്ക എന്നത് ക്രിസ്തുവിനെ അനുകരിക്കുന്നതിന്റെ ഉത്തമമായ തെളിവാകുന്നു. തെറ്റുകളെ ന്യായീകരിപ്പാനും ചെറുത്തു നിൽക്കുവാനുള്ള നമ്മുടെ വ്യഗ്രതയ്ക്കിടയിൽ അന്യായമായ നിലയിൽ കർത്താവിന് സഹിക്കേണ്ടി വന്ന കഷ്ടതകളെ ഓർക്കുവാൻ നമുക്കെത്രമാത്രം സാധിക്കുന്നു? ഒരു പക്ഷേ നമ്മുടെ കർത്താവിന്റെ ക്ഷമ തന്റെ ബലഹീനതയാണെന്ന് എതിരാളികൾ മുദ്ര കുത്തിയേക്കാം. എന്നാൽ അത് സ്വജീവിതങ്ങളിൽ പരീക്ഷിച്ചിരുന്നെങ്കിൽ ക്ഷമ ബലഹീനതയല്ല ശക്തിയാണെന്ന് അവർ മനസ്സിലാക്കുമായിരുന്നു. നമ്മുടെ കർത്താവ് അനുഭവിച്ചതുപോലെ അനീതിക്കിരയായവർ ആരുമില്ല. അത്രമാത്രം ക്ഷമയോടെ പ്രതികരിച്ചവർ ആരുമില്ല.

അത്രമാത്രം വലിയ സഹനത്തിന് കർത്താവിനെ സഹായിച്ച രഹസ്യം എന്തായിരുന്നു? ന്യായമായി വിധിക്കുന്ന ദൈവത്തിൽ താൻ ആശ്രയിച്ചു എന്നതു തന്നെ. നാമും അതിനായി വിളിക്കപ്പെട്ടിരിക്കുന്നു. പ്രിയമുള്ളവരേ, നിങ്ങൾത്തന്നെ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന് ഇടം കൊടുപ്പീൻ. പ്രതികാരം എനിക്കുള്ളത് ഞാൻ പകരം ചെയ്യും എന്ന് കർത്താവ് അരുളിച്ചെയ്യുന്നു....തിന്മയോട് തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക (റോമർ 12:19,21) ദൈവത്തിന്റെ ക്രോധം കാര്യങ്ങളെ ഏറ്റെടുക്കട്ടെ. പ്രതികാരം ദൈവത്തിനുള്ളതാണ് അവിടുത്തെ സ്വയവകാശത്തിന് നാം തടസമുണ്ടാക്കരുത്. കൃത്യസമയത്ത് കൃത്യമാംവിധം അവിടുന്ന് പകരം ചെയ്തുകൊള്ളും. ലെൻസ്കി എന്ന കർത്തൃദാസൻ ഇപ്രകാരം എഴുതി, "തെറ്റു ചെയ്യുന്നവരിൽ നിന്ന് നീതി സൂക്ഷ്മമായി ഈടാക്കുന്നത് സംബന്ധിച്ച മുഴുവിഷയവും വളരെ മുമ്പു തന്നെ ദൈവം വേണ്ടവണ്ണം ക്രമീകരിച്ചിട്ടുണ്ട്. അവരിൽ ഒരാൾ പോലും രക്ഷപെടുകയില്ല.

ഓരോ കാര്യത്തിലും സമ്പൂർണ്ണ നീതി നിവർത്തിക്കും. സമ്പൂർണ്ണമായി കൈകാര്യം ചെയ്കയും ചെയ്യും. നമ്മിൽ ആരെങ്കിലും തലയിട്ടിട്ടുണ്ടെങ്കിൽ അത് ധിക്കാരത്തിന്റെ അങ്ങേയറ്റമായിരിക്കും. അപ്പോൾ മറ്റുള്ളവർ നമുക്കെതിരെ ദോഷം ചെയ്യുമ്പോൾ നാം എന്തു ചെയ്യണം? ഒന്നും ചെയ്യേണ്ട എന്നാണോ? തീർച്ചയായും വേണം. "നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ച് മടുക്കാതിരിപ്പാൻ പാപികളാൽ തനിക്ക് നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചു കൊൾവിൻ (എബ്രാ. 12:3). സഹോദരങ്ങളേ, നമ്മുടെ നിർഭയനായകൻ കർത്താവായ

യേശുവാണ്. അവിടുന്ന് സഹിച്ചതുപോലെ പാപികളാൽ വിരോധം ആരും ഒരിക്കലും സഹിച്ചിട്ടില്ല. എപ്പോഴെങ്കിലും ക്ഷീണിച്ച് നിരുത്സാഹപ്പെടുന്ന പ്രവണത നമുക്കുണ്ടാകുമെങ്കിൽ അവിടുന്ന് കടന്നുപോയ അനുഭവങ്ങൾ എന്തെന്ന് നാം ചിന്തിക്കണം. അപ്പോൾ നമ്മുടെ പരീക്ഷകൾ താരതമ്യേന നിസ്സാരമെന്ന് നമുക്ക് തോന്നും.

**മോശെയുടെ ജീവിതത്തിൽ നിന്നും ചിലത്**

സംഖ്യാ 12-ാം അദ്ധ്യായത്തിൽ മോശെയുടെ സൗമ്യത വെളിപ്പെടുത്തുന്ന ഒരു രംഗം നാം കാണുന്നു. മോശെ ഒരു കൂശ്യ സ്ത്രീയെ വിവാഹം ചെയ്തതുകൊണ്ട് കൂശ്യ സ്ത്രീ നിമിത്തം മിര്യാമും അഹരോനും അവനു വിരോധമായി സംസാരിച്ചു(വാ. 1) മാത്രമല്ല മോശെയുടെ ശുശ്രൂഷയും ചോദ്യം ചെയ്യപ്പെട്ടു. "യഹോവ മോശെ മുഖാന്തിരം മാത്രമേ അരുളിച്ചെയ്തിട്ടുള്ളുവോ ഞങ്ങൾ മുഖാന്തിരം അരുളിച്ചെയ്തിട്ടില്ലയോ എന്ന് പറഞ്ഞു." (വാ. 2) അടുത്ത വാചകം പ്രത്യേകാൽ ശ്രദ്ധേയം തന്നെ. "യഹോവ അതു കേട്ടു" മോശെ കേട്ടു കാണുമായിരിക്കും. പക്ഷേ കേട്ടതായി പ്രതികരിച്ചില്ല. മോശെയെക്കുറിക്കുന്ന വളരെ അനുഗ്രഹകരമായ പ്രസ്താവന വാക്യം 3 ൽ വായിക്കുന്നു. "മോശെ എന്ന പുരുഷനോ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതി സൗമ്യനായിരുന്നു." വളരെ പ്രകോപനപരമായ സാഹചര്യത്തിൽ കാര്യം ദൈവത്തിങ്കൽ ഭരമേല്പിച്ചിട്ട് മിണ്ടാതിരിക്കുന്ന വളരെ സമാധാനമായിരിക്കുന്ന ഒരു മോശെയെ നാം ഇവിടെ കാണുന്നു. ദൈവം മോശെയേയും അഹരോനെയും മിര്യാമിനെയും വിളിപ്പിച്ചു. മോശെയുടെ പ്രത്യേകത ദൈവം ഇവിടെ വ്യക്തമാക്കുകയാണ് (വാ. 7-8). "അങ്ങനെയിരിക്കെ നിങ്ങൾ എന്റെ ദാസനായ മോശെയക്ക് വിരോധമായി സംസാരിപ്പാൻ ശങ്കിക്കാത്തതെന്ത്? യഹോവയുടെ കോപം ജ്വലിച്ചു. അവൻ മറഞ്ഞു. ഇവർക്ക് പ്രതിവാദം പറവാൻ അവസരം ലഭിച്ചില്ല. പിന്നീട് മിര്യമിനെന്തു സംഭവിച്ചു തന്റെ കാര്യങ്ങളും വ്യവഹാരങ്ങളും ഏറ്റെടുത്തു നടത്തുവാൻ ഒരു സർവ്വശക്തൻ മോശെക്കുള്ളപ്പോൾ താൻ എന്തിന് പ്രതികരിക്കണം? തുടർന്ന് ഹിമം പോലെ വെളുത്ത് കുഷ്ഠരോഗിയായിത്തീർന്ന മിര്യാമിനുവേണ്ടി, അവളുടെ സൗഖ്യത്തിനായി ദൈവസന്നിധിയിൽ കവിണുവീണു കിടക്കുന്ന മദ്ധ്യസ്ഥത ചെയ്യുന്ന ഒരു മോശെയെ നാം അവിടെ കാണുന്നു (വാ. 13). എത്ര അനുകരണീയമായ മാതൃക! എല്ലാം ന്യായപൂർവ്വം വിധിക്കുന്ന ദൈവത്തിങ്കൽ ഭരമേല്പിക്കുന്നു. ഒരു ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം ഇതുപോലെയുള്ള സന്ദർഭങ്ങളിൽ അനുകരിക്കേണ്ട മാതൃകയത്രേ ഇത്. തന്റെ വേലയിൽ ഒരു സമാദരണീയസ്ഥാനത്ത് ഒരുവനെ ദൈവം ആക്കി വെയ്ക്കുകയോ അസാധാരണ രീതിയിൽ അവനെ ഉപയോഗിക്കുകയോ ചെയ്യുമ്പോൾ അവരുടെ മേൽ പരിവർത്തനവാദികളുടെയും അസംതൃപ്തരുടേയും കടന്നാക്രമണം തീർച്ചയായും ഉണ്ടാകും. തങ്ങളേക്കാൾ ശ്രേഷ്ഠരായി മറ്റാരെയും കാണാൻ കഴിയാത്തവരാണ് അങ്ങനെയുള്ള ആക്രമണകാരികൾ. അമ്മാതിരിയുള്ള സന്ദർഭങ്ങളിൽ ഒരു യഥാർത്ഥ ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം അവരുടെ കുറുകേടിനും അസംതൃപ്തിക്കും അസംതുഷ്ടിക്കുമൊക്കെ മറുപടിയായി ഏറ്റവും ശരിയായ മാർഗ്ഗം, പ്രശ്നങ്ങളേയുംകൊണ്ട് ദൈവസന്നിധിയിൽ നിലംപരിചായി കവിണുവീഴുക എന്നതുമാത്രം. അടക്കമില്ലാതെ, കലിപൂണ്ട് ചൊടിച്ചു നിൽക്കുന്നവരെ ന്യായാന്യായങ്ങളും വാദവിവാദങ്ങളും കൊണ്ട് അനുനയിപ്പിക്കാൻ നോക്കുന്നതിനുപകരം യഹോവയുടെ പരമാധികാരത്തിനും അവകാശത്തിനും പ്രഥമസ്ഥാനം കൊടുക്കുകയായിരുന്നു ഇവിടെ മോശെ. തന്റെ തിരുഹിതത്തിന്റെ ആലോചനപ്രകാരം സകലവും ചെയ്യുന്നവന്റെ തിരുക്കരങ്ങളിലേക്ക് തന്നെ കാര്യങ്ങളെ ഭരമേല്പിച്ചു. ഭോക്താവിൽനിന്ന് ഭോജനവും മല്ലനിൽനിന്ന് മധുരവും പുറപ്പെടുവിക്കാൻ കഴിയുന്നവനത്രേ നമ്മുടെ ദൈവം.

**ഏലിയാവിന്റെ ജീവിതത്തിലെ സമാനമായ ഒരു സംഭവം.**

1 രാജാ 17:17-24 കെരീത്ത് തോട്ടിലെ വെള്ളം വറ്റിയപ്പോൾ, എഴുന്നേറ്റ് സരാഫാത്തിലേക്ക് പോകുവാൻ ദൈവം ഏലിയാവോടു പറഞ്ഞു. അവൻ പോയി. അവിടെ ഒരു വിധവയാൽ പുലർത്തപ്പെടുകയാണ്. വീട്ടുടമക്കാരി സ്ത്രീയുടെ മകൻ ദീനം പിടിച്ച് കിടപ്പിലായി. ദീനം കടുത്തിട്ട് അവനിൽ ശ്വാസം ഇല്ലാതായി. അപ്പോൾ അവൾ ഏലിയാവോട് ''അയ്യോ ദൈവപുരുഷനേ, എനിക്കും നിനക്കും തമ്മിലെന്ത്? എന്റെ പാപം ഓർപ്പിക്കേണ്ടതിനും എന്റെ മകനെ കൊല്ലേണ്ടതിനും ആകുന്നുവോ നീ എന്റെ അടുക്കൽ വന്നത് എന്നു പറഞ്ഞു. തന്റെ മകന്റെ മരണത്തിനുത്തരവാദി ആ ദൈവദാസനാണെന്നാണ് അവൾ പറയുന്നത്. ദൈവദാസന്റെ പേരു പറഞ്ഞ് അവൾ ഭംഗ്യന്തരേണ ദൈവത്തെയാണ് കുറ്റപ്പെടുത്തുന്നത്. എത്ര നികൃഷ്ടവും നിഷ്ഠൂരവുമായ ഒരു പ്രസ്താവന. ഇതിലധികം നന്ദികേട് വരാനുണ്ടോ? ഒരുനേരത്തെ അപ്പം തിന്ന് അമ്മയും മകനും ചാകാൻ തയ്യാറായതാണ്. അപ്പോൾ ദൈവത്തിന്റെ

പ്രവാചകൻ അവിടെ എത്തിയതിനാലാണ് ആ ക്ഷാമകാലത്ത്, ആ അമ്മയും മകനും വീട്ടുകാരുമെല്ലാം ജീവിക്കുന്നത്. അല്ലെങ്കിൽ അവർ അന്നു തന്നെ ഈ ലോകത്തോട് വിടപറയുമായിരുന്നു. മകനൊരു ദീനം വന്നു മരിച്ചപ്പോൾ കൊലക്കുറ്റമാണ് ചുമത്തുന്നത്. പ്രിയ സഹോദരങ്ങളേ, വളരെ നന്ദികെട്ട ഒരു ലോകമാണിത്. നമ്മുടെ സേവനങ്ങൾക്ക് പ്രതിഫലമായി ചിലപ്പോൾ കല്ലേറായിരിക്കും ലഭിക്കുന്നത്. അഞ്ചപ്പംകൊണ്ട് വയറുനിറയെ തിന്നവരാണ് കർത്താവിനെ എറിവാൻ കല്ലെടുത്തവർ. ഈ നന്ദികേടിൽ നാം ക്ഷുഭിതരാകരുത് നിരാശപ്പെടരുത്, നന്മ ചെയ്യുന്നതിൽ തളർന്നു പോകരുത്. നന്ദികെട്ടവർക്കുംകൂടെ നന്മ ചെയ്യണം. ഇവിടെ ഏലിയാവ് എന്താണ് ചെയ്തത്? പിണങ്ങിപ്പിരിഞ്ഞോ? ഇല്ല. അതെല്ലാം തനിക്ക് ചെയ്യാമായിരുന്നു. എന്നാൽ താൻ ചെയ്തത് എന്താണ്? ..... അവൻ അവളോട് നിന്റെ മകനെ ഇങ്ങു തരിക എന്നു പറഞ്ഞു. അവൻ ആ കുഞ്ഞിനെ അവളുടെ മടിയിൽനിന്നെടുത്ത് തന്റെ കട്ടിലിന്മേൽ കിടത്തി. ആ ശവശരീരത്തിന്മേൽ 3 പ്രാവശ്യം കവിണുവീണു ദൈവത്തോട് പ്രാർത്ഥിച്ചു. ആ കുഞ്ഞ് ജീവിച്ച് അവനെ തിരികെ ആ അമ്മയെ ഏല്പിച്ചു. പ്രാർത്ഥിക്കുന്ന ഏലിയാവ്, പ്രാർത്ഥന കേൾക്കുന്ന ദൈവം. അന്യർ അല്ല ചിലപ്പോൾ സഹവിശ്വാസികൾ തന്നെയും നമ്മെപ്പറ്റി പരാതി പറയും. ഇല്ലാത്തതൊക്കെ പറയും. അപ്പോൾ നാം എന്തു ചെയ്യണം? മറ്റുള്ളവരുടെ മടിയിൽ നിന്നും ആ ശവം - ആ ദുർഘട പ്രശ്നം - നമ്മുടെ കിടക്കയിൽ ദൈവത്തിന്റെ സന്നിധിയിൽ വെച്ച് പ്രാർത്ഥിക്കുമ്പോൾ ദൈവം തീർച്ചയായും മറുപടി നൽകും. യാതൊരു സംശയവും ഇല്ല.

ഇവിടെ ഏലിയാവ് ഒരു ശവവുമായി പ്രാർത്ഥനാമുറിയിൽ കയറി. ജീവനുള്ള ഒരു ബാലനുമായി വെളിയിലിറങ്ങി. ജീവനുള്ള കുഞ്ഞിനെ ലഭിച്ചപ്പോൾ സ്ത്രീ ഏലിയാവോട് പറഞ്ഞത് വളരെ ശ്രദ്ധേയമാണ്. “നീ ദൈവ പുരുഷനെന്നും നിന്റെ നാവിന്മേലുള്ള യഹോവയുടെ വചനം സത്യമെന്നും ഞാനിതിനാലറിയുന്നു. നോക്കുക എത്ര പെട്ടെന്നാണ് അഭിപ്രായങ്ങൾക്ക് മാറ്റം ഉണ്ടായത്. പ്രവാചകന്റെ മേൽ കൊലക്കുറ്റം ചുമത്തിയ സ്ത്രീയുടെ അഭിപ്രായമാണിതെന്നോർക്കണം. അത്രയും കടുത്ത വാക്കുകൾ പറയേണ്ടിയിരുന്നില്ല എന്ന് സ്ത്രീക്ക് തോന്നിക്കാണും. സത്യത്തിനു വേണ്ടി ദൈവനാമമഹത്വത്തിനായി നാം നിലകൊള്ളുമ്പോൾ അസന്തുഷ്ടരായ സഹോദരന്മാരിൽനിന്നും ചില കർത്തൃദാസന്മാരിൽക്കൂടെയും നമുക്ക് കല്ലേറും അപമാനവും നിന്ദയും പരിഹാസങ്ങളും ഒക്കെ സഹിക്കേണ്ടി വരും അതെല്ലാം നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ മേലാണ് വീഴുന്നത്. ഈ കർത്താവാണ് ഒരിക്കൽ പറഞ്ഞത് “നിങ്ങളിൽ പാപം ഇല്ലാത്തവൻ കല്ലെറിയട്ടെ” എന്ന്. നാം അവിടെ എന്താണ് വായിക്കുന്നത്? “അത് കേട്ടിട്ട് മനസാക്ഷിയുടെ ആക്ഷേപം ഹേതുവായി” എന്ന് (യോഹ 8:9) നമുക്ക് ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ കുറ്റമില്ലാത്ത ഒരു മനസാക്ഷിയോടുകൂടി ജീവിക്കാനായി ആഗ്രഹിക്കാം.

ഹൃദയം ചൂടുപിടിച്ചിരിക്കുമ്പോൾ വേണ്ടാത്ത കാര്യങ്ങൾക്ക് ചൂടുപിടിപ്പിക്കാൻ ഇടയാകരുത്-മിണ്ടാതിരിപ്പാൻ കഴിഞ്ഞാൽ എത്ര നല്ലത്. ഒരാളെപ്പറ്റിയും ഒരഭിപ്രായം രൂപീകരിപ്പാൻ, ഒരു തീരുമാനം ചെയ്വാൻ, ഹൃദയത്തിൽ കയ്പു നിറഞ്ഞിരിക്കുമ്പോൾ ആരും ഒരുമ്പെടരുത്. സരേഫാത്തിലെ ആ സ്ത്രീ അതത്രേ നമ്മെ പഠിപ്പിക്കുന്നത്. അല്പം ശാന്തമാകുക, മൗനമായിരിക്കുക. സ്ഥിതിഗതികൾ വ്യത്യാസപ്പെടും. പിന്നെ സംസാരിക്കുകയോ എഴുതുകയോ ചെയ്താൽ പിശകുപറ്റാതെയിരിക്കാം. (തുടരും)


## 107-ാമത് ബ്രദ്റൺ ജനറൽ കൺവൻഷൻ, കുമ്പനാട്

**തീയതി** : 27-12-09 ഞായർ മുതൽ 3-1-2010 ഞായർ വരെ

**സ്ഥലം** : നോയൽ മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിന് സമീപം

**പ്രസംഗകർ M/s** : എം.എം. സഖറിയ, ഡോ. ഒ.എം. സാമുവേൽ, വർഗീസ് കെ. കുര്യൻ, ഡോ. ജോസഫ് മഥുരം, ജോസ് മാങ്കുടി, തോംസൺ ബി.തോമസ്, ആൽബർട്ട് സുനിൽ.

പ്രസിദ്ധ ഗായകരുടെ ഗാനശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. കർതൃനാമത്തിൽ ഏവരുടെയും പ്രാർത്ഥനയും സാന്നിദ്ധ്യസഹകരണങ്ങളും ക്ഷണിച്ചുകൊള്ളുന്നു. കൺവൻഷൻ കമ്മറ്റിക്കുവേണ്ടി കൺവീനർ പി.ഇ. സാംകുട്ടി.

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.107-ഉത്തരം

**വിഷയം : ദൈവസ്നേഹത്തിൽ നമ്മൾ പരസ്പരം ചെയ്യേണ്ടവ**

**വായനാഭാഗം** : റോമ. 12,13,14,15 (2), ഗലാ. 5,6, എഫെ. 5, 1 തെസ്സ. 5, 1 പത്രോ. 1

I. റോമ. 12:10 സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ട് ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ടു കൊൾവിൻ

ഒ.വാ. (1) 1 തെസ്സ 5:14 സഹോദരന്മാരേ, ക്രമം കെട്ടവരെ ബുദ്ധിയുപദേശിപ്പിൻ; ഉൾക്കരുത്തില്ലാത്തവരെ ധൈര്യപ്പെടുത്തുവിൻ; ബലഹീനരെ താങ്ങുവിൻ; എല്ലാവരോടും ദീർഘക്ഷമ കാണിപ്പിൻ; ആരും തിന്മയ്ക്കു പകരം തിന്മചെയ്യാതിരിപ്പാൻ നോക്കുവിൻ; തമ്മിലും എല്ലാവരോടും എപ്പോഴും നന്മ ചെയ്തുകൊണ്ടിരിപ്പിൻ.

(2) എബ്രാ. 13:1,2 സഹോദരപ്രീതി നിലനിൽക്കട്ടെ, അതിഥി സൽക്കാരം മറക്കരുത്.

(3) 1 പത്രോ. 4:8 സകലത്തിനും മുമ്പേ തമ്മിൽ ഉറ്റസ്നേഹമുള്ളവരായിരിപ്പിൻ

(4) ഫിലി 2:3 ......ഓരോരുത്തൻ മറ്റുള്ളവനെ തന്നെക്കാൾ ശ്രേഷ്ഠൻ എന്ന് എണ്ണിക്കൊൾവിൻ.

II റോമ 13:8 അന്യോന്യം സ്നേഹിക്കുന്നതല്ലാതെ ആരോടും ഒന്നും കടപ്പെട്ടിരിക്കരുത് (1 യോഹ. 3:23)

ഒ.വാ. (1) സദൃ. 3:27 നന്മ ചെയ്‌വാൻ നമുക്ക് പ്രാപ്തിയുള്ളപ്പോൾ അതിനു യോഗ്യരായവർക്ക് ചെയ്യാതിരിക്കരുത്.

(2) ഗലാ. 5:14, യാക്കോ 2:8, മത്താ. 22:39 കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം.

(3) 1 പത്രോ. 5:5 എല്ലാവരും അന്യോന്യം കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ. ദൈവം നിഗളികളോട് എതിർത്തു നില്ക്കുന്നു.

III റോമ. 14:19 നാം സമാധാനത്തിനും അന്യോന്യം ആത്മിക വർദ്ധനയ്ക്കുള്ളതിനും ശ്രമിച്ചുകൊൾക.

ഒ.വാ. (1) റോമ. 12:16-18 തമ്മിൽ ഐകമത്യമുള്ളവരായി വലിപ്പം ഭാവിക്കാതെ, എളിയവരോടു ചേർന്നുകൊൾവിൻ. നിങ്ങളെത്തന്നെ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുത്. ആർക്കും തിന്മയ്ക്കു പകരം തിന്മ ചെയ്യാതെ, സകല മനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻകരുതി കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ.

(3) 1 തെസ്സ 5:11 നിങ്ങൾ ചെയ്തു വരുന്നതുപോലെ അന്യോന്യം പ്രബോധിപ്പിച്ചും ആത്മീക വർദ്ധന വരുത്തിയും പോരുവിൻ.

IV റോമ. 15:5-6 പിതാവായ ദൈവത്തെ ഏകമനസ്സോടെ ഏകസ്വരത്തിൽ മഹത്വപ്പെടുത്തേണ്ടതിന് ക്രിസ്തുവിന് അനുരൂപമായി തമ്മിൽ ഏകചിന്തയോടിരിപ്പാൻ ദൈവം കൃപ നൽകട്ടെ.

ഒ.വാ. (1) 1 കൊരി 1:10 സഹോദരന്മാരേ, നിങ്ങൾ എല്ലാവരും ഒന്നു തന്നെ സംസാരിക്കയും നിങ്ങളുടെ ഇടയിൽ ഭിന്നത ഇല്ലാതിരിക്കയും വേണം.

(2) ഫിലി. 2:2 നിങ്ങൾ ഏകമനസ്സുള്ളവരായി ഏകസ്നേഹം പൂണ്ട് ഐകമത്യപ്പെട്ട് ഏകഭാവമുള്ളവരായിരിപ്പിൻ.

(3) 2 കൊരി 13:11 സഹോദരന്മാരേ, ...... ഏകമനസ്സുള്ളവരാകുവിൻ;....... എന്നാൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൈവം നിങ്ങളോടു കൂടെ ഇരിക്കും.

V റോമ. 15:7 ക്രിസ്തു ദൈവത്തിന്റെ മഹത്വത്തിനായി നിങ്ങളെ കൈക്കൊണ്ടതുപോലെ നിങ്ങളും അന്യോന്യം കൈക്കൊൾവിൻ.

ഒ.വാ. (1) പ്രവൃ. 21:17...... സഹോദരന്മാർ തങ്ങളെ സന്തോഷത്തോടെ കൈക്കൊണ്ടു.

(2) ഫിലി. 2:29 അവനെ (തിമൊഥെയോസിനെ) കർത്താവിൽ പൂർണ്ണ സന്തോഷത്തോടെ കൈക്കൊൾവിൻ. (എഫെ. 4:2 കാണുക)

(3) 1 പത്രോ. 3:8 എല്ലാവരും ഐകമത്യവും സഹതാപവും സഹോദരപ്രീതിയും മനസ്സലിവും വിനയബുദ്ധിയും ഉള്ളവരായിരിപ്പിൻ.

VI ഗലാ. 5:13. സ്നേഹത്തിൽ അന്യോന്യം സേവിപ്പിൻ

ഒ.വാ. (1) 1 പത്രോ. 4:8 സകലത്തിനും മുമ്പേ ഉറ്റ സ്നേഹം ഉള്ളവരായിരിപ്പിൻ

(2) എഫെ. 4:29 കേൾക്കുന്നവർക്ക് കൃപ ലഭിക്കേണ്ടതിന് ആവശ്യം പോലെ ആത്മിക വർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുത്.

(3) കൊലൊ. 4:6 നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ.

VII ഗലാ.6:2 തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ

ഒ.വാ. (1) റോമ. 15:1 ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കുകയും നമ്മിൽത്തന്നെ പ്രസാദിക്കാതിരിക്കയും വേണം

(2) പ്രവൃ. 20:35 കർത്താവായ യേശു പറഞ്ഞത്: പ്രയത്നം ചെയ്ത് പ്രാപ്തിയില്ലാത്തവരെ സഹായിക്കണം.

(3) യെശ 58:7 യഹോവ പറയുന്നത് : എനിക്ക് ഇഷ്ടമുള്ള ഉപവാസം: വിശപ്പുള്ളവന്നു നിന്റെ അപ്പം നുറുക്കി കൊടുക്കുക; അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തു കൊള്ളുക, നഗ്നനെ ഉടുപ്പിക്കുക. നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്ക് നിന്നെത്തന്നെ മറയ്ക്കാതിരിക്കുക.

(4) എഫെ. 4:32 നിങ്ങൾ തമ്മിൽ ദയയും മനസ്സലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നിങ്ങളോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ.

VIII എഫെ. 5:21 ക്രിസ്തുവിന്റെ ഭയത്തിൽ (ബഹുമാനത്തിൽ) അന്യോന്യം കീഴ്പ്പെട്ടിരിപ്പിൻ.

ഒ.വാ. (1) 1 പത്രോ. 2:13 സകല മാനുഷിക നിയമത്തിനും കർത്താവിൻ നിമിത്തം കീഴടങ്ങുവിൻ (18 -ാം വാക്യവും കാണുക)

(2) 1 കൊരി 16:15,16 വിശുദ്ധന്മാരുടെ ശുശ്രൂഷയ്ക്ക് തങ്ങളെത്തന്നെ ഏല്പിച്ചിരിക്കുന്നവർക്കും അവരോടുകൂടെ അദ്ധ്വാനിക്കുന്ന ഏവർക്കും നിങ്ങളും കീഴ്പ്പെട്ടിരിപ്പിൻ

(3) ലൂ. 22:26 നിങ്ങളിൽ വലിയവൻ ഇളയവനെപ്പോലെയും നായകൻ ശുശ്രൂഷകനെപ്പോലെയും ആകട്ടെ.

(4) യോഹ. 13:14 കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ (ശിഷ്യന്മാരുടെ) കാൽ കഴുകി എങ്കിൽ നിങ്ങളും അങ്ങനെ തന്നേ ചെയ്യുവിൻ.

IX 1 തെസ്സ. 5:11 നിങ്ങൾ ചെയ്തുവരുന്നതുപോലെ അന്യോന്യം പ്രബോധിപ്പിച്ചും തമ്മിൽ ആത്മിക വർദ്ധന വരുത്തിയും പോരുവിൻ.

ഒ.വാ. (1) റോമ. 15:14 സഹോദരന്മാരേ നിങ്ങൾതന്നേ ദയാപൂർണ്ണരും സകല ജ്ഞാനവും നിറഞ്ഞവരും അന്യോന്യം പ്രബോധിപ്പിപ്പാൻ പ്രാപ്തരും ആകുന്നു.

(2) എബ്രാ. 10:24,25 . . . . . .നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷയായി വിചാരിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ട് സ്നേഹത്തിനും സൽപ്രവർത്തികൾക്കും ഉത്സാഹം വർദ്ധിപ്പിക്കണം.

X 1 പത്രോ. 1:22 ഹൃദയപൂർവ്വം അന്യോന്യം ഉറ്റു സ്നേഹിപ്പിൻ

ഒ.വാ. (1) റോമ. 12:9 സ്നേഹം നിർവ്യാജം ആയിരിക്കട്ടെ.

(2) 1 യോഹ. 4:12 നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു.

(3) 1 പത്രോ. 3:8 . . . . എല്ലാവരും ഐകമത്യവും സഹതാപവും സഹോദരപ്രീതിയും മനസലിവും വിനയബുദ്ധിയും ഉള്ളവരായിരിപ്പിൻ.

ക്രിസ്തുവിൻ നിസ്തുല സ്നേഹച്ചരടതിൽ
കോർത്തുള്ള മുത്തുകൾ നാം ഹാ! ഹാ!
മൃത്യുവോ ജീവനോ ഒന്നുമേ നമ്മെ
വേർപെടുത്താവതല്ല ഹാ! ഹാ! - എത്ര ശുഭം . . . (M.E.C.)

# വിധവയായ ഹന്നാ (ലൂക്കോസ് 2:36-39)

ഏലിയാമ്മ ജോർജ്ജ്, ഇലന്തൂർ

നമ്മുടെ ഭവനങ്ങളിലും സഭകളിലും ദൈവമക്കളായ വിധവമാർ വർദ്ധിച്ചു വരുന്ന കാലയളവിൽ വിധവമാരെപറ്റി തിരുവചനം എന്തു പറയുന്നു. അവരെക്കുറിച്ചുള്ള ദൈവഹിതം എന്താണെന്ന് ചിന്തിക്കുന്നത് പ്രയോജനമല്ലേ? നമ്മുടെ ദൈവം ദോഷങ്ങളാൽ നമ്മെ പരീക്ഷിക്കുന്നവനല്ല.

ഒരു ദൈവമകൾ വിധവയാകുമ്പോൾ ഇതും നന്മയ്ക്കായി ദൈവം എനിക്കു ചെയ്തിരിക്കുന്നു എന്നു വിശ്വസിക്കാൻ പ്രയാസമാണ്. അതിനു ദൈവകൃപ അധികം ലഭിച്ചേ പറ്റൂ.

ഹന്നാ എന്ന പേരിന്റെ അർത്ഥം കൃപയുള്ളവൾ എന്നാണ്. അവൾ ആശേർ ഗോത്രത്തിൽ ഫനുവേലിന്റെ മകളും ഒരു പ്രവാചകിയുമായിരുന്നു. പ്രവാചകി എന്നാൽ ദൈവഹിതം നേരിട്ടറിഞ്ഞ് വരുവാനുള്ള കാര്യങ്ങളെ ജനത്തോട് അറിയിക്കുന്നവളാണ്. ദബോറ യിസ്രയേലിൽ 40 സംവത്സരം ന്യായപാലനം ചെയ്ത ഒരു പ്രവാചകിയായിരുന്നു. ഫിലിപ്പോസിന്റെ 4 പുത്രിമാർ പ്രവാചകിമാരായിരുന്നു. ഹന്നാ വളരെ വയസു ചെന്നവളായിരുന്നു. കന്യാകാലം, ഭർത്താവിനോടു കൂടെ 7 വർഷം പിന്നെ 84 വർഷം വിധവയായി ജീവിച്ചിരുന്നു. ഏകദേശം 111 വയസുവരെ ജീവിച്ചിരുന്നു. ഹന്നാ ദൈവാലയം വിട്ടു പിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ രാവും പകലും ആരാധന ചെയ്തുപോന്നു. അവളുടെ വാസം ദൈവാലയത്തിൽ, പ്രവൃത്തി ഉപവാസത്തോടുകൂടിയ പ്രാർത്ഥന, ആരാധന. അവൾ ദൈവാലയം വിട്ടു പിരിഞ്ഞില്ല. രാത്രിയുടെ യാമങ്ങളിൽ അവൾ തനിയെ അല്ല. പിന്നെയോ, ദൈവസന്നിധിയിലാണ്. അവൾക്ക് ഭീതിയില്ല. സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം (സങ്കീ. 84:1) എന്ന് ഹന്നെയ്ക്കും സങ്കീർത്തനക്കാരനോട് ചേർന്ന് പറയാം. ആ നാഴികയിൽ അവളും ദൈവത്തെ സ്തുതിച്ചു. യിസ്രായേലിന്റെ മഹത്വമായവനെ അവളുടെ കണ്ണുകൾകൊണ്ടും കാണുവാനുള്ള മഹാഭാഗ്യം ഹന്നയ്ക്കും ലഭിച്ചു. മാത്രമല്ല യിസ്രായേലിന്റെ വീണ്ടെടുപ്പിനെ കാത്തിരുന്ന എല്ലാവരോടും അവനെക്കുറിച്ച് പ്രസ്താവിച്ചു.

പ്രിയ സഹോദരിമാരേ! നമുക്കും ഈ ഹന്നയെപ്പോലെ നമ്മെ കർത്താവ് ആക്കിവെയ്ക്കുന്ന ഏതവസ്ഥയിലും അത് വൈധവ്യമായാലും വാർദ്ധക്യമായാലും ദൈവാലയം വിട്ടു പിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും ആരാധനയോടും കൂടെ നമ്മുടെ നാളുകൾ കഴിക്കാം. അടുത്തുനിന്ന് നമ്മുടെ പ്രാണപ്രിയനെ കണ്ട് ആരാധിക്കാം. അവനെക്കുറിച്ച് എല്ലാവരോടും പ്രസ്താവിക്കാം. അതിനായി ദൈവം സഹോദരിമാരായ എല്ലാ വായനക്കാരേയും സഹായിക്കുമാറാകട്ടെ. ●

---

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**വയനാട് :** വൈ.എം.ഇ. എഫിന്റെ ഏകദിന പ്രവർത്തനം സെപ്റ്റം. 21 ന് വടുവൻചാലിൽ നടന്നു. ഭവന സന്ദർശനവും ബൈബിൾ ക്ലാസും ടൗണിൽ സുവിശേഷ യോഗവും നടന്നു. ജോസ് മാങ്കുടി ബൈബിൾ ക്ലാസ്സെടുക്കുകയും ടൗണിൽ പ്രസംഗിക്കുകയും ചെയ്തു. പി.എം. സൈമൺ കെ.ബി. റജി, വി.ജെ. പോൾ, റ്റി.കെ. പീറ്റർ എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. നമ്മുടെ സഭാകൂടിവരവില്ലാത്ത ഈ സ്ഥലത്ത് സുവി. പി.വൈ. കുഞ്ഞുമോൻ സ്ഥലം സഭ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നു. ഗോഡ്സൺ വാലയിൽ, അനിൽ എസ്, സന്തോഷ് മാത്യു എന്നിവർ സഹകരിക്കുന്നു.ദൈവജനം ഇവിടെയുള്ള പ്രവർത്തനങ്ങളെയും ഒരു സ്ഥലംസഭ ഉണ്ടാകുവാനും പ്രാർത്ഥിച്ചാലും എന്ന് P.Y. Kunjumon, Palakkappilli, Kumbaleri P.O., Meenangady, Wayanad 673 591, Mob: 9847865032.

**ഇരട്ടയാർ :** ആഗ. 31, സെപ്തം. 1 തീയതികളിൽ ഇരട്ടയാറിലും പരിസരപ്രദേശങ്ങളിലും സുവിശേഷയോഗങ്ങൾ നടത്തി. തോമസ് ചെറിയാൻ, ആന്റണി ഫിലിപ്പ്, നോഹ തമിഴ്നാട്, എഡ്വിൻ നോഹ തമിഴ്നാട്, സജി വർഗീസ്, ജോബിൻ തോമസ് എന്നിവർ ദൈവവചനത്തിൽ നിന്നും സംസാരിച്ചു. അനേകം ഗ്രാമങ്ങളിൽ ട്രാക്റ്റുകളും ബുക്ക്ലെറ്റുകളും പുതിയനിയമത്തിന്റെ പ്രതികളും വിതരണം ചെയ്തു. ഈ പ്രദേശങ്ങളിൽ നിന്ന് അനേകർ വേർപെട്ട് വരുന്നതിനായി പ്രാർത്ഥിക്കണമേ. എന്ന് സഭയ്ക്കുവേണ്ടി ജോബിൻ തോമസ് ഫോൺ: 9495159772, സജി വർഗീസ് ഫോൺ: 9747036215

**ഝാൻസി :** ഝാൻസി, Jalaun, ലളിത്പൂർ ജില്ലകളിലെ ഔട്ട്റീച്ച് പ്രവർത്തനം അനുഗ്രഹമായിരുന്നു. ടീമിൽ 7 പേർ സംബന്ധിച്ചു. ലളിത്പൂരിലെ പ്രവർത്തനത്തിന് അവിടെയുള്ള സഭയുടെ സഹകരണവും ലഭിച്ചു. സുവിശേഷം ഒരിക്കൽപോലും എത്തിയിട്ടില്ലാത്ത പല സ്ഥലങ്ങളിലും സുവിശേഷം അറിയിപ്പാനും ദൈവവചനം വിതരണം ചെയ്യുവാനും ഇടയായി. വിതയ്ക്കപ്പെട്ട വചനത്തിന്മേൽ കർത്താവ് ക്രിയ ചെയ്യുവാൻ പ്രത്യേകം പ്രാർത്ഥിച്ചാലും തുടർന്നുള്ള മാസങ്ങളിൽ Mahoba, Banda, Chhitrakoot എന്നീ ജില്ലകളിൽ ഗോസ്പൽ ഔട്ട്റീച്ച് നടത്തുവാൻ തീരുമാനിച്ച് പ്രാർത്ഥിച്ചുവരുന്നു. നവം. 12 - 15 വരെ സീക്കേഴ്സ് ക്യാമ്പ് ഉണ്ടായിരിക്കും. ബെന്നി ചരലിൽ, ജോസഫ് ജോൺ, സാമുവേൽ ബി. തോമസ് വചനം ശുശ്രൂഷി

ക്കുന്നതാണ്. ക്യാമ്പിൽ 100 പേരെയാണ് പ്രതീക്ഷിക്കുന്നത്. സഭയ്ക്കുവേണ്ടി പി.എ. സാമുവേൽ, പി.വി. ജോസഫ്, ഫിലിപ്പോസ് പി.പി. Believers Assembly, C/o. Philipose P.P., 196. C.P. Mission compound, Jhansi - 284003, U.P.

**വല്യോലിമല (റാന്നി)**: പുതിയ സഭാകൂടിവരവ് ലക്ഷ്യമാക്കി പ്രവർത്തിച്ചതിന്റെ ഫലമായി പലരും രക്ഷിക്കപ്പെടുവാനിടയായി. റാന്നി സെന്ററിലുള്ള BGF ന്റെ ഭവന സന്ദർശനം 2009 മെയ് മുതൽ നടക്കുവാനും സെപ്ത. 25, 26 ന് സുവിശേഷ യോഗങ്ങളും സംഗീത ശുശ്രൂഷയും നടക്കുവാനും ഇടയായി. പി.ജി. ജെയിംസ് വചനം ശുശ്രൂഷിക്കുകയും 26 ന് നടന്ന സ്നാനശുശ്രൂഷയിൽ 4 പേർ സ്നാനപ്പെടുകയും ചെയ്തു. ഹെവൻലി ബീറ്റ്സ് റാന്നി സംഗീത ശുശ്രൂഷ നടത്തി. ഇതോടുകൂടി ഇവിടെ ഒരു സഭാ കൂടിവരവ് ആരംഭിക്കുവാൻ കർത്താവ് കൃപ ചെയ്തു. 7 പേർ കർത്തൃമേശയിൽ സംബന്ധിച്ചു. വാടകവീട്ടിലാണ് കൂടിവരവ്. ഈ സ്ഥലത്ത് ആരംഭിച്ചിരിക്കുന്ന സഭാകൂടിവരവിനെയും മറ്റ് പ്രവർത്തനങ്ങളെയും ഓർത്ത് പ്രാർത്ഥിക്കുകയും സഹായസഹകരണങ്ങളും അപേക്ഷിക്കുകയും ചെയ്യുന്നു. സുവി. കെ.ആർ കുഞ്ഞൂഞ്ഞ്, പുത്തേടത്ത് വീട്, മുക്കട പി.ഒ., കറിക്കാട്ടൂർ-686544, ഫോൺ : 04828 - 245091

**തൃശൂർ :** 2010 ൽ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന കുട്ടികൾക്കായി ഒരു ഏകദിന സമ്മേളനം ഒക്ടോ. 2 ന് തൃശൂർ മാർത്തോമ്മാ ഗേൾസ് ഹൈസ്കൂളിൽ വെച്ച് എസ്.ബി.എസ്. തൃശൂർ സെന്റർ വകയായി നടത്തി. കുട്ടികളും ലീഡേഴ്സും ഉൾപ്പെടെ 175 പേർ പങ്കെടുത്തു. ജോർജ്ജ് കോശി, റെജി ജേക്കബ് എന്നിവർ ക്ലാസ്സുകൾ എടുത്തു. സുവിശേഷകൻ ബാലസംഘം തൃശൂർ സെന്റർ ചെയ്യുന്ന പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കണമേ എന്ന് സെന്റർ സെക്രട്ടറി ജോഷി ജോൺ സി., 9846009285.

**തൂക്കുപാലം** : 2009 സെപ്തം. 28-30 വരെ ഇവിടെ നിന്നും സുവിശേഷവേലയ്ക്ക് പോയിരിക്കുന്ന അജി സി. ഫിലിപ്പ് പ്രവർത്തിക്കുന്ന പണിക്കൻകുടിയിൽ സുവിശേഷ ക്യാമ്പ് നടത്തുവാൻ ഇടയായി. ഭവനസന്ദർശനവും പരസ്യയോഗങ്ങളും മൂലം അനേകർ വചനം കേട്ടു. ബേബി വർഗീസ്, രാജേന്ദ്രൻ, ഡാനിയേൽ റ്റി.എസ്., വി.കെ. രഘു, രാജൻ മാത്യു, ബിജു ദേവസ്യാ, റോയി പൗലോസ് എന്നിവർ പരസ്യയോഗങ്ങളിൽ സംസാരിച്ചു. ഈ സ്ഥലത്ത് ഒരു കൂടിവരവ് ഉണ്ടാകുവാനും ഇവിടെ പ്രവർത്തിക്കുന്ന സഹോദരനേയും കുടുംബത്തേയും ഓർത്തു പ്രാർത്ഥിച്ചാലും. വിലാസം അജി സി. ഫിലിപ്പ്, ചെരിവുകാലായിൽ, പണിക്കൻകുടി പി.ഒ., 685564 ഇടുക്കി. എന്ന് എം. മത്തായി, പി.എൽ. പീറ്റർ, ലാലു വി. ഏബ്രഹാം.

**ഡോൽപൂർ (രാജസ്ഥാൻ)** : സെപ്റ്റം. 13-15 വരെ യുവജനങ്ങൾക്കായി പ്രത്യേക കൂടിവരവുണ്ടായിരുന്നു. ആഗസ്റ്റ് 27 ന് വിവിധ പശ്ചാത്തലത്തിൽ നിന്നും രക്ഷിക്കപ്പെട്ട 7 പേരുടെ സ്നാനവും നടന്നു. ഇവിടെ കൂടിവരവിനായി ഹാൾ ഇല്ല. അതിനായി ഞങ്ങൾ സഭയായി പ്രാർത്ഥിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. എന്ന് ജോസഫ് ജോൺ, രൂപ് സിങ്, ദാനിയേൽ.

**തൃശൂർ** : ഞാൻ 2009 സെപ്റ്റം. 9 - ഒക്ടോ. 2 വരെ സൗത്താഫ്രിക്കയിൽ സുവിശേഷ പര്യടനം നടത്തി. കേപ്പ് ടൗൺ, പോർട്ട് എലിസബെത്ത് എന്നീ സ്ഥലങ്ങളിലെ കോൺഫറൻസുകളിൽ ദൈവവചനം ശുശ്രൂഷിച്ചു. കിംങ് വില്യംസ് ടൗൺ, ഡർബൻ എന്നിവിടങ്ങളിലും പ്രത്യേക യോഗങ്ങൾ ഉണ്ടായിരുന്നു. 3 പേരെ കർത്താവ് രക്ഷിച്ചു. എം.എ. ജോയി.

## മഹത്വത്തിൽ

**ദുർഗ് :** ഈ സഭയിലെ ആദ്യകാല വിശ്വാസികളിൽ ഒരാളായിരുന്ന എ.ഒ. കുര്യൻ (89) 16-10-09 ന് മഹത്വത്തിൽ ചേർക്കപ്പെട്ടു. 17 ന് ദുർഗ് ബ്രദറൺ സഭയുടെ ചുമതലയിൽ ക്രിസ്ത്യൻ സെമിത്തേരിയിൽ ഉയിർപ്പിൻ പൊൻപുലരിയിൽ കാണാമെന്നുള്ള പ്രത്യാശയിൽ ഭൗതീക ശരീരം സംസ്ക്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിച്ചാലും. എന്ന് വി.എം. മാമ്മൻ, പി.ജി. തോമസ്.

**വെണ്ണിക്കുളം :** ഊര്യകുന്നത്ത് ഏബ്രഹാം വർഗീസ്(55) നിര്യാതനായി. സംസ്ക്കാരം വെണ്ണിക്കുളം ഇമ്മാനുവേൽ ബ്രദറൺ സെമിത്തേരിയിൽ നടന്നു. ഭാര്യ - ഓമന. മകൾ - ബ്ലെസ്സി. പ്രായാധിക്യത്തിൽ കഴിയുന്ന മാതാവ് ഉൾപ്പെടുന്ന ദുഃഖത്തിലിരിക്കുന്ന ഈ ഭവനത്തെ ദൈവമക്കൾ പ്രാർത്ഥനയിൽ ഓർത്താലും. എന്ന് ചാക്കോ സി.എം. (സുവി.)

**കോയിപ്രം** : എബനേസർ ബ്രദറൺ സഭാ മൂപ്പന്മാരിലൊരാളായിരുന്ന വലിയകാലായിൽ വി.ജെ. ജോൺ (ഉണ്ണൂണ്ണിച്ചായൻ) (104) 24-10-09 ന് താൻ പ്രിയം വെച്ചിരുന്ന കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. ഭൗതീക ശരീരം 28-10-09 ന് അനുസ്മരണ ആശ്വാസ ദൂതുകൾക്ക് ശേഷം ബന്ധുമിത്രാദികളുടെയും വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയിൽ കോയിപ്രം സഭാവക സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിച്ചാലും. (C.A.G.)

## കൺവൻഷൻ ക്യാമ്പ്

**മണ്ണാരത്തറ കൺവൻഷൻ** : മണ്ണാരത്തറ ബ്രദറൺ സഭയുടെ കൺവൻഷൻ 2009 ഡിസം. 22 - 27 ഞായർ വരെ നടത്തപ്പെടുന്നതാണ്. പ്രസംഗകർ ചാൾസ് ജോൺ, ജോസ് മാങ്കുടി, ചാണ്ടപ്പിള്ള ഫിലിപ്പ് എന്നിവരായിരിക്കും. സഭയ്ക്കുവേണ്ടി വി.കെ. മാത്യു, റ്റി.കെ. ചാക്കോ.

**കുറത്തിക്കാട്** : കുറത്തിക്കാട് ബ്രദറൺ സഭയുടെ ചുമതലയിൽ 2009 നവം. 5 - 7 വരെ സഭാ അങ്കണത്തിൽവെച്ച് സുവിശേഷ യോഗങ്ങൾ നടത്തുവാൻ ആഗ്രഹിക്കുന്നു. പി.ജി. ജെയിംസ്, ജോർജ്ജ് ചാക്കോ, കെ.സി. ജോൺസൺ എന്നിവർ വചന പ്രഘോഷണം നടത്തുന്നു. ഈ യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. എന്ന് സഭയ്ക്കുവേണ്ടി ജോസ് സൈമൺ, ജോർജ്ജ് ചാക്കോ.

**മണർകാട് :** ഈ പ്രദേശത്തുള്ള പ്രാദേശിക ബ്രദറൺ സഭകളുടെ സഹകരണത്തിൽ 2010 ജനു. 28-31 വരെ എല്ലാ ദിവസവും വൈകുന്നേരം 6.30 - 8.30 വരെ മണർകാട് ജംഗ്ഷനിലുള്ള തൊട്ടിയിൽ മൈതാനത്തു ബൈബിൾ പ്രഭാഷണങ്ങളും സംഗീതസായാഹ്നങ്ങളും നടത്തപ്പെടുന്നതാണ്. പ്രസംഗകരായി ആർ കൃഷ്ണൻകുട്ടി, ജോൺ കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ്, ഡേവിഡ് പി. ഐസക്, എന്നിവർ ഉണ്ടായിരിക്കും. ഈ ശുശ്രൂഷയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചാലും. കൺവൻഷൻ കമ്മറ്റിക്കുവേണ്ടി ഇ.സി. ജോൺ (കൺവീനർ)

**കല്ലിശ്ശേരി :** എസ്.ബി.എസ്. കല്ലിശ്ശേരി സെന്ററിന്റെ കുടുംബ സമ്മേളനം 2009 നവം. 14 ശനിയാഴ്ച 9 -1.30 വരെ ബി.ബി.സി. ആടിറ്റോറിയത്തിൽ വച്ചു നടത്തുവാൻ

ആഗ്രഹിക്കുന്നു. ആയതിലേക്ക് കല്ലിശ്ശേരി സെന്ററിൽ ഉൾപ്പെട്ട എല്ലാ സഹോദരീ സഹോദരന്മാരും കുട്ടികളും ലീഡേഴ്സും വന്നുചേരുവാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. എന്ന് സെന്ററിനുവേണ്ടി, കെ. തോമസ് ബേബി പ്രസിഡന്റ്, ചാൾസ് വർഗ്ഗീസ് സെക്രട്ടറി.

**എടക്കര ക്രൂസേഡ്**

സമയം : 2010 ജനു. 1,2,3
പ്രസംഗകർ : സണ്ണി തോമസ്, പി.എസ്. തമ്പാൻ
സംഗീത ശുശ്രൂഷ : ഹെവൻലി ബീറ്റ്സ്, റാന്നി
ദൈവജനം ഈ ശുശ്രൂഷയെ ഓർത്ത് പ്രാർത്ഥിക്കണമേ. എന്ന് അസംബ്ലിക്കുവേണ്ടി എ.റ്റി.മാത്യു, വി.കെ. കുര്യൻ

**കലഞ്ഞൂർ കൺവൻഷൻ**

സമയം : 2009 ഡിസം. 9 ബുധൻ - 13 ഞായർ വരെ
സ്ഥലം : കലഞ്ഞൂർ ബ്രദറൺ ഗോസ്പൽ ഹാൾ
പ്രസംഗകർ : കെ.വി. ജോർജ്ജ്, ജോൺ പി. തോമസ്, ജോർജ്ജ് ചാക്കോ, ഡോ. വർഗീസ് ജോൺ
ഗാനശുശ്രൂഷ : സഹോ.ജെ. പി. രാജൻ
അനുഗ്രഹങ്ങൾക്കായി പ്രാർത്ഥിക്കുകയും സംബന്ധിക്കുകയും ചെയ്യണമേ. എന്ന് സഭയ്ക്കുവേണ്ടി മത്തായി കെ. ഈപ്പൻ.

**ദിവ്യസന്ദേശം 2009**

സ്ഥലം : നെല്ലിക്കുന്ന്, കുറ, തൃശൂർ
തീയതി : 2009 ഡിസം. 3 - 6 ഞായർ വരെ
സമയം : വൈകിട്ട് 6.30 - 8.30 വരെ
പ്രസംഗികർ : സജീവ് വർഗീസ്, റെജി കെ. തോമസ്
6-ന് 3 മണിക്ക് ചിൽഡ്രൻസ് ക്ലബ്ബ് വാർഷിക സമ്മേളനം. ഈ യോഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക. എന്ന് സണ്ണി വിധേയത്തിൽ, ശാമുവേൽ കെ.എസ്., ജോഷി മൈക്കിൾ, പീറ്റർ പി.എഫ്. കൂടുതൽ വിവരങ്ങൾക്ക് ഡോ. ബിനോയി വർഗീസ്, വാലയിൽ ഹൗസ്, നെല്ലിക്കുന്ന്, കുറ, തൃശൂർ - 680005. ഫോൺ :0487 2426957.

**പട്ടം (തിരുവനന്തപുരം) :** പട്ടം ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ പാളയം ക്രൈസ്റ്റ് ചർച്ച് സെന്ററിനറി ഹാളിൽ നവം. 19-22 വരെ വൈകുന്നേരം 6.30 - 8.30 വരെ സുവിശേഷ യോഗങ്ങൾ നടത്തുവാൻ ആഗ്രഹിക്കുന്നു. പട്ടം കേന്ദ്രീയ വിദ്യാലയത്തിന് എതിർവശത്തുള്ള ബ്രദ്റൺ സഭാഹാളിൽ 20, 21 ന് രാവിലെ 8-9 വരെ ബൈബിൾ ക്ലാസും ഉണ്ടായിരിക്കുന്നതാണ്. എല്ലാവരേയും സാദരം ക്ഷണിച്ചു കൊള്ളുന്നു. പ്രസംഗകൻ ജോസ് മാത്യു, മംഗലാപുരം. എന്ന് ഭാരവാഹികൾ ബ്രദ്റൺ അസംബ്ലി, പട്ടം.

**ബി.എസ്.പി.എസ്. :** ബൈബിൾ സാഹിത്യപ്രവർത്തക സമിതിയുടെ ഏകദിന സമ്മേളനം 2009 ഡിസം. 12 ന് രാവിലെ 10-3.30 വരെ അങ്കമാലി ബെഥേൽ ബ്രദറൺ ക്രിസ്ത്യൻ അസംബ്ലിയിൽ വെച്ചു നടക്കുന്നതാണ്. ഗാനരചന എന്ന വിഷയത്തെക്കുറിച്ച് ജോർജ് കോശി പ്രബന്ധം അവതരിപ്പിക്കുന്നതും തുടർന്ന് ചർച്ചകൾ, പുതിയ സാഹിത്യസൃഷ്ടികളുടെ അവതരണം, പുതിയ പുസ്തകങ്ങളുടെ പ്രകാശനം എന്നിവ ഉണ്ടായിരിക്കും. പ്രസ്തുത സമ്മേളനത്തിലേക്ക് എല്ലാ സാഹിത്യകാരന്മാരെയും ഗാനരചയിതാക്കളെയും സാഹിത്യാസ്വാദകരെയും ക്ഷണിക്കുന്നു. എന്ന് ബി.എസ്.പി.എസിനുവേണ്ടി സാം സഖറിയ, സെക്രട്ടറി.

RN.No. 36067/ 81
Postal Reg. No. KL/TLA/44/2009-11 dt.14-11-08
ആത്മപ്രകാശിനി

If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George
at Excel Offset Printers, Omallor

## സുവിശേഷ വയലിലേക്ക്

**ചെറുപുഴ:** സഹോ. പ്രണേഷ് പി.സി. 2 വർഷത്തോളമായി ചെറുപുഴ അസംബ്ലിയോട് ബന്ധപ്പെട്ട് സുവിശേഷ പ്രവർത്തനങ്ങൾ ചെയ്തുവരികയാണ്. യാക്കോബായ പശ്ചാത്തലത്തിൽ നിന്നും രക്ഷിക്കപ്പെട്ടു വന്ന താൻ M.Th. ബിരുദം കരസ്ഥമാക്കിയിട്ടുണ്ട്. സഹോദരനെ കർത്താവ് തന്റെ വേലയ്ക്കായി വിളിച്ച് വേർതിരിച്ചതാണെന്ന ബോധ്യം ദൈവാത്മാവ് സഭയ്ക്ക് നൽകിയിട്ടുണ്ട്. സഹോദരനെയും തന്റെ ഭാര്യയെയും അവർ ചെയ്തുവരുന്ന സുവിശേഷ പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വിലാസം സുവി. പ്രണേഷ് പി.സി., പാറയിൽ ഹൗസ്, ചെറുപുഴ പി.ഒ., കണ്ണൂർ-670511, ഫോൺ : 9744344097. സഭയ്ക്കുവേണ്ടി പി.എം. ഏബ്രഹാം, ജോസ് എം. ജോസഫ്.

**വാഴവിള (തിരുവനന്തപുരം) :** 1991 ൽ ആരംഭിച്ച സഭയിൽ സുവി. ബാബു എളവട്ടം 2002 മുതൽ സുവിശേഷകനായി പ്രവർത്തിക്കുകയും തന്റെ സുവിശേഷവേലയ്ക്കുവേണ്ടിയുള്ള വിളി സഭയ്ക്കു ബോധ്യമാകുകയും ചെയ്തതിനാൽ തന്നെ സുവിശേഷകനായി അംഗീകരിച്ച വിവരം ദൈവജനത്തിന്റെ പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി അറിയിച്ചുകൊള്ളുന്നു. തനിക്കു ഭാര്യയും വിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്ന 3 മക്കളുമുണ്ട്. തന്നേയും സ്ഥലം സഭാ പ്രവർത്തനങ്ങളേയും പ്രാർത്ഥനയിൽ ഓർക്കണമേ. വിലാസം സുവി. ബാബു എളവട്ടം, ബ്രദറൺ അസംബ്ലി, വാഴവിള, ചുള്ളിമാനൂർ പി.ഒ., തിരുവനന്തപുരം 695541, ഫോൺ : 9349405327. എന്ന് ജെ. ഫ്രാൻസിസ്, ഉത്തമൻ എൽ.

**മലാൻ കടവ് :** ഈ സ്ഥലംസഭയോട് ചേർന്ന് കർത്തൃശുശ്രൂഷയിലായിരിക്കുന്ന സഹോ. ഇ.പി. പത്മനാഭന്റെ പ്രവർത്തനത്തെയും ശുശ്രൂഷകളെയും സഭയ്ക്ക് ബോധ്യമായതിനാൽ സുവിശേഷകനായി ഈ സഹോദരനെ സഭ അംഗീകരിച്ചിരിക്കുന്നു. തനിക്ക് ഭാര്യയും 2 പെൺമക്കളുമുണ്ട്. ഈ കുടുംബത്തെയും തന്റെ പ്രവർത്തനങ്ങളെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കണമേ. വിലാസം E.P. Padmanabhan, Elayadath House, Palavayal P.O., Cherupuzha, Kasaragod - 670511. എന്ന് സഭയ്ക്കുവേണ്ടി ബേബിച്ചൻ കീമറ്റം (സുവി.), രാജു പരിപ്പുതടത്തിൽ, കെ.ജെ. തോമസ് കാവുങ്കൽ